The Amendment moved by Shri K. M. Mani was put and lost.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Education Minister (**Shri C. H. Mohammed Koya**) : Sir, I move that the Kerala Education (Amendment) Bill, 1969 be finally passed.

Revenue Minister (**Smt. K. R. Gouri**) : Sir, I second it.

The question that the Kerala Education (Amendment) Bill, 1969 be finally passed was put and carried.

The Bill was passed.

(ii) The Kerala Panchayati Raj Bill 1967

Dy. Speaker : We will now resume the discussion on the motion for consideration of the Kerala Panchayati Raj Bill.

ശ്രീ. എ. എസ്. പുരുഷോത്തമൻ : സർ, ഈ ബില്ലിനെ പരാമർശിച്ചുകൊണ്ട് പ്രതിപക്ഷത്തുള്ള ചില മെംബർമാർ ഇവിടെ സംസാരിച്ചത് തങ്ങൾ അധികാര വികേന്ദ്രീകരണം നടത്തുന്ന കാര്യത്തിൽ കൂടുതൽ താൽപര്യമുള്ളവരാണെന്നും അതിനു ഭരണകക്ഷി എതിരാണെന്നുമാണ്. മാത്രവുമല്ല പഞ്ചായത്തു തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്നത് അധികാരവികേന്ദ്രീകരണം നടത്താനുള്ള താല്പര്യക്കുറവുകൊണ്ടാണെന്നും ആരോപണമുണ്ടാകുകയും ചെയ്തു. ഇത്തരം ഒരാരോപണമുന്നയിക്കുമ്പോൾ പ്രതിപക്ഷമെംബർമാരോട്, വിശേഷിച്ച് കോൺഗ്രസ്സുകാരോട് എനിക്കു ചോദിക്കാനുള്ളത് 1960-ൽ നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ രണ്ടു മൂന്നു വർഷങ്ങളോളം തിരഞ്ഞെടുപ്പ് നടത്താൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ എന്നാണ്. 1963-ൽ നടന്ന തിരഞ്ഞെടുപ്പിനുശേഷം എത്രാണ്ട് 1963-ലാണ് നിങ്ങൾക്കു തിരഞ്ഞെടുപ്പ് നടത്താൻ സാധിച്ചത്. അങ്ങനെ ഇതിനുമുൻപ് തിരഞ്ഞെടുപ്പുകളെല്ലാം കഴിയുന്നതു നീട്ടിക്കൊണ്ടുപോയിട്ടുള്ള പാരമ്പര്യമുള്ള നിങ്ങൾ ഈ ഗവണ്മെൻറിനെപ്പറ്റി ഇങ്ങനെ പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല. അതുപോലെതന്നെ ജനങ്ങൾക്കു് അധികാരം കൊടുക്കുന്ന ഏതൊരു നിയമനിർമ്മാണം ഈ സഭയിൽ കൊണ്ടുവരുമ്പോഴും അതിനെല്ലാം നിങ്ങൾ എതിരായി നിന്നിട്ടുള്ള വസ്തുതകളാണ് അനുഭവത്തിലുള്ളത്. ഈ സഭ പാസ്സാക്കിക്കഴിഞ്ഞിരുന്ന വേഴ്സിറ്റി ബില്ലിന്റെ കാര്യത്തിലും ഇപ്പോൾ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന കർഷകബന്ധനിയമത്തിന്റെ കാര്യത്തിലും എല്ലാം ഇതേ അനുഭവമാണ് ഉണ്ടായിട്ടുള്ളത്. ഇത്തരം ആരോപണങ്ങളുന്നയിക്കുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല. പഞ്ചായത്തിനും ജില്ലാ കൗൺസിലിനും കൂടുതൽ അധികാരം നൽകണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഓരോ കാര്യത്തിലും സ്വാഭാവികമായി അഭിപ്രായവ്യത്യാസമുണ്ടാകാറുള്ളതുപോലെ ഭരണകക്ഷി അംഗങ്ങൾക്കും ഈ ബില്ലിനെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായി. എങ്കിലും ജനങ്ങൾക്കു കൂടുതൽ അധികാരം കൊടുക്കുക എന്നുള്ള ലക്ഷ്യത്തിൽ ഉറച്ചുനിൽക്കുകയാണ് ഈ ഗവണ്മെൻറ്. ഈ ലക്ഷ്യപ്രയോഗത്തിൽ വരുത്തണമെങ്കിൽ പഞ്ചായത്തുകൾക്കും ജില്ലാകൗൺസിലുകൾക്കും ആവശ്യമായ സാമ്പത്തികസഹായങ്ങൾ ചെയ്തുകൊടുക്കണം. എങ്കിൽമാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് പ്രയോജനമുണ്ടാകുകയുള്ളൂ. സാമ്പത്തികസഹായത്തെ സംബന്ധിച്ചുള്ള കാര്യങ്ങളൊന്നും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാവശ്യമായ വ്യക്തമായ നിർദ്ദേശങ്ങൾകൂടി ഈ ബില്ലിൽ ഉൾക്കൊള്ളിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. കെ. ശേഷൻ : സർ, ഈ ബില്ലിനെ സംബന്ധിച്ച് ഈ സഭയിൽ സംസാരിക്കുമ്പോൾ ഈ ബില്ലിന്റെ പ്രധാനപുരുഷന്മാരായ ദിവംഗതനായ ശ്രീ. അഹമ്മദ്കുരിക്കളെ അനുസ്മരിക്കാതിരിക്കാൻ നിവൃത്തിയില്ല. അദ്ദേഹം ഈ ബിൽ പാസ്സായി നടപ്പിലായിക്കാണുന്നതിനു ജീവിച്ചിരുന്നില്ലല്ലോ എന്നുള്ളതു് നമുക്കു് വേദനയുളവാക്കുന്ന ഒന്നാണു്. അധികാര വികേന്ദ്രീകരണവും ജനാധിപത്യവൽക്കരണവും ഈ നാട്ടിലെ ഭരണ സംവിധാനത്തിൽ നിഴലിച്ചു കാണണമെന്ന അത്യധികമായ താല്പര്യം പ്രകടിപ്പിക്കുകയും അതനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള ഒരു മന്ത്രിയായിരുന്ന അദ്ദേഹമെന്നു് നമുക്കറിയാം.

ഈ ബില്ല സംബന്ധിച്ചു് കഴിഞ്ഞ ഏതാനും ദിവസങ്ങളിലെ ചർച്ചകളും കേട്ടപ്പോൾ : അതാതു കക്ഷിയുടെ വക്താക്കളും സംസാരിക്കുമ്പോൾ അതാതു കക്ഷിയിൽപ്പെട്ട മന്ത്രിമാരുടെ അധികാരവും വകുപ്പുകളും ജില്ലാ കൗൺസിലിനെ എല്പിച്ചു കൊടുക്കുന്നതിൽ ആ വക്താക്കൾക്കു് വൈമുഖ്യം ഉണ്ടെന്നാണു് എനിക്കു തോന്നിയതു്.

ശ്രീ. കെ. കരുണാകരൻ : ആ തോന്നൽ എങ്ങനെ ഉണ്ടായി എന്നു പറയാമോ?

ശ്രീ. എൻ. കെ. ശേഷൻ : പ്രസംഗം കേട്ടപ്പോൾ ഉണ്ടായി.

അവരവരുടെ കക്ഷിയിൽപ്പെട്ട മന്ത്രിമാർ കൈകാര്യം ചെയ്യുന്ന വകുപ്പുകൾ ജില്ലാ കൗൺസിലിനെ ഏല്പിക്കുന്നതിൽ വൈമുഖ്യം പ്രകടിപ്പിച്ചവരുടെ കൂടെ പിടിച്ചു് സംസാരിക്കാൻ ഞാനും പുറപ്പെട്ടുകയാണെങ്കിൽ ഇറിഗേഷനും മറ്റും ഡിസ്ട്രിക്റ്റ് കൗൺസിലിനു് വിട്ടുകൊടുക്കരുതെന്നു് ഞാനും വാദിക്കണം. പക്ഷേ അതിനു ഞാൻ മുതിരുന്നില്ല.

ഇത്തരത്തിലുള്ള ഒരു നിയമം നടപ്പിലാക്കുകയാണെങ്കിൽ ഭരണം കാര്യക്ഷമമായി നടത്തുന്നതിനു് ഭരണമണ്ഡലത്തിന്റെ താഴെക്കിടയിലുള്ള പഞ്ചായത്തുകൾക്കോ മറ്റു ഘടകങ്ങൾക്കോ കഴിവുണ്ടായിരിക്കുകയില്ല എന്നുള്ള ഒരഭിപ്രായം കേട്ടതു് എന്നെ ഞെട്ടിച്ചുകളഞ്ഞു. വെള്ളക്കാർ നാട്ടിൽ ആധിപത്യം പുലർത്തിയിരുന്ന കാലത്തു്, ഇൻഡ്യയ്ക്കു് ഭരണം നടത്തുന്നതിനുള്ള കാലമായിട്ടില്ല, അതുകൊണ്ടു സ്വാതന്ത്ര്യം കൊടുക്കരുതു് എന്നു് പറഞ്ഞിരുന്നതിനു് തുല്യമാണു് ആ വാദം. ജനാധിപത്യത്തിന്റെ അടിസ്ഥാനപരമായ സംഗതിതന്നെ നാം നമ്മുടേതായ ഭരണം നടത്തുന്നതിലും അങ്ങനെ നടത്തുമ്പോൾ തെറ്റുകൾ ചെയ്യുന്നതിലും തെറ്റുകൾ ചെയ്യുന്നതുവഴി അവയെ തിരുത്തുന്നതിലും, പിന്നെയും തെറ്റുകളും ശരികളുമായി മുന്നോട്ടു പോകുന്നതിലും ആണു് സ്ഥിതിചെയ്യുന്നതു് എന്നുള്ളതാണു്. അതാണു് മൗലികമായ സ്വാതന്ത്ര്യമെന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. നീന്തൽ പഠിച്ചശേഷം മാത്രം വെള്ളത്തിലിറങ്ങിയാൽമതി എന്നു പറയുന്നതു് എത്രത്തോളം അർത്ഥശൂന്യമാണെന്നു് ഞാൻ പറഞ്ഞറിയിക്കേണ്ട കാര്യമില്ല.

പിന്നെ ഒരു സംഗതി പറയാനുണ്ടു്, കേന്ദ്രഗവണ്മെന്റിനോടു്, കൂടുതൽ അധികാരങ്ങളും വേണം കൂടുതൽ അവകാശങ്ങളും വേണം എന്നു പറഞ്ഞു് നാം അലമുറയിട്ടിട്ടുണ്ടു്. ആ നാം, നമ്മുടെ സംസ്ഥാനത്തിന്റെ ഭരണ സംവിധാനം പുനഃസംവിധാനം ചെയ്യുവാൻ പരിശ്രമിക്കുമ്പോൾ, അത്രയും അധികാരങ്ങളെ കൊടുക്കാൻ സന്നദ്ധരാകുകയുള്ളൂ, കൂടുതൽ അധികാരങ്ങളും കീഴ്ഘടകങ്ങളിലേയ്ക്കു് കൊടുക്കുന്നതു ശരിയല്ല എന്നു പറയുന്നതു് വളരെയധികം വൈരുദ്ധ്യമുള്ള തെറ്റായ സമീപനം

LIBRARY ARCHIVES Kerala Legislative Assembly

ആണെന്നു് പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഈ പ്രശ്നത്തിലുള്ള രണ്ടു ആശയങ്ങളിൽ ഒന്നാമതായിട്ടുള്ളതു് അധികാരകേന്ദ്രീകരണത്തെ തടയുന്നതിനുള്ള അധികാര വികേന്ദ്രീകരണം ആണു്. പിന്നെയുള്ളതു് വികേന്ദ്രീകൃതമായ അധികാരത്തിൽ കെട്ടി ഉയർത്തുന്ന ഭരണ സംവിധാനം. ഇതിൽ അധികാര കേന്ദ്രീകരണത്തെ തടയുന്നതിനുള്ള വികേന്ദ്രീകരണം അല്ല മറിച്ചു്, വികേന്ദ്രീകൃതമായ സംവിധാനത്തിന്റെ മുകളിൽ കെട്ടി പൊക്കുന്നതിനുവേണ്ടിയുള്ള ഭരണ സംവിധാനമാണു് പോളിസി എന്നുള്ള നിലയിൽ ഗവണ്മെൻറിനുള്ളതു്. രണ്ടാമതായി വേണ്ടതു് വികേന്ദ്രീകൃതമായി താഴോട്ടു കൊടുത്തിട്ടുള്ള അധികാരത്തെ ജനാധിപത്യവൽക്കരിക്കുകയാണു്. എന്നു പറഞ്ഞാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ബഹുജന സംഘടനകളെ ഏല്പിച്ചു് ഭരണം നടപ്പാക്കുക എന്നാണു്. ഇതു സംബന്ധിച്ചു് വേണ്ടത്ര ധാരണയില്ലാതെ പോയതുകൊണ്ടാണു്, കീഴ്ഘടകങ്ങൾക്കു് അധികാരം കൊടുത്താൽത്തന്നെ അതു് കൈയാളാൻ കഴിവുണ്ടാകുമോ എന്ന ഭയാശങ്കകളും ചിലർ പ്രകടിപ്പിക്കാൻ ഇടയായതു്.

സർ, അധികം സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഷെഡ്യൂളിൽ കാര്യമായ മാറ്റം വരുത്തണമെന്നു് അഭിപ്രായമുണ്ടു്. ഉദാഹരണമായി അഡ്മിനിസ്ട്രേഷൻ ആഫ് ലാൻഡു് റവന്യു. റവന്യുഭരണം ജില്ലാപരിഷത്തിനു് നൽകുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ലിസ്റ്റിൽ ആദ്യത്തെ ഇനം അഡ്മിനിസ്ട്രേഷൻ ആഫ് ലാൻഡ് റവന്യു ആണു്. അതു് എത്ര വലിയ വ്യാപ്തിയുള്ളതാണെന്നു് പറയാൻ സാധിക്കുകയില്ല. കാമൺ ലിസ്റ്റിൽ കളക്ഷൻ ആഫ് ടാക്സ് എന്നു പറഞ്ഞാൽ എതെല്ലാമെന്നു് വ്യക്തമല്ല. ലാൻഡ് റവന്യു എന്നു പറഞ്ഞാൽത്തന്നെ ലാൻഡ് അക്വിസിഷൻ, ലാൻഡ് അസൈൻമെൻറു്, റിലങ്കുിഷ്മെൻറു് എന്നിങ്ങനെ ഭൂമിയെ സംബന്ധിക്കുന്ന പല കാര്യങ്ങളും വരും. ഇതൊക്കെ വരുമോ എന്നു് വ്യക്തമായി എഴുതി വച്ചില്ലെങ്കിൽ ഭാവിയിൽ വളരെയധികം കുഴപ്പം ഉണ്ടാകുമെന്നു് ഞാൽ ഭയപ്പെടുകയാണു്. ലിസ്റ്റു റിവൈസ് ചെയ്യുകയാണെങ്കിൽ മറ്റു പല കാര്യങ്ങളും റിവൈസ് ചെയ്യപ്പെടണം. ഏതായാലും ലാ ആൻറു് ആർഡർ കേന്ദ്രീകൃതഭരണത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ നടപ്പാക്കേണ്ട ഒരു പരിപാടി ആയിരിക്കണം എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസത്തിനിടയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. വളരെക്കാലമായി ജനങ്ങൾ പ്രതീക്ഷിക്കുന്ന ജനാധിപത്യവൽക്കരണവും അധികാര വികേന്ദ്രീകരണവും നടപ്പാക്കിക്കൊണ്ടു്, മഹാത്മാഗാന്ധി സ്വപ്നം കണ്ടതുപോലെയുള്ള ഗ്രാമസ്വരാജിന്റെ അടുത്തെങ്കിലുമെത്താൻ കെൽപ്പുള്ള രീതിയിൽ ഈ ബിൽ കാലതാമസം കൂടാതെ പാസ്സാക്കി നിയമപുസ്തകത്തിൽ ചേർക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ : സർ, വളരെയൊന്നും ദീർഘിച്ചു് ഈ ബില്ലിനെക്കുറിച്ചു് സംസാരിക്കേണ്ട കാര്യം ഇല്ല. കാരണം വേഗത്തിൽ ഇതു് നിയമമാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കേണ്ടതുണ്ടു്. ഈ ബില്ലിന്റെ കർത്താക്കളെന്നു് അവകാശപ്പെടുന്ന ആളുകൾക്കു്, അതായതു് ഭരണകക്ഷി അംഗങ്ങൾക്കു്, ഈ ബിൽ സെലക്ടു് കമ്മിറ്റി റിപ്പോർട്ടുകഴിഞ്ഞു് ഈ സഭയുടെ പരിഗണനയ്ക്കു് സമർപ്പിച്ചശേഷം, ആദ്യമുണ്ടായിരുന്ന ആവേശവും ഉൽസാഹവും ഒന്നും കാണുന്നില്ലെന്നുള്ളതു് വളരെ ഖേദകരമായ കാര്യമാണു്. ഈ ബില്ലിനു് നമ്മുടെ സംസ്ഥാനത്തിന്റെ ഭരണ സംവിധാനത്തിൽ വലിയ സ്ഥാനമൊന്നും കല്പിക്കേണ്ടതില്ല എന്നുള്ള നിലയിലേയ്ക്കുവരെ വാദപ്രതിവാദങ്ങളും നീങ്ങിയിരിക്കുകയാണു്. ഇന്നു് സംസ്ഥാനത്തെ ബാധിക്കുന്ന ഒരു കാര്യം ഒഴികെ മറെറല്ലാം രണ്ടാം തരമായിപ്പോകുന്ന എന്നുള്ളതു് ദൗർഭാഗ്യകരമാണു്. ഈ ബില്ലിനു് നമ്മുടെ നാടിന്റെ ഭരണത്തെ സംബന്ധിച്ചിടത്തോളം ഭാവിയിൽ വളരെയധികം സംഭാവന ചെയ്യേണ്ടതുണ്ടു്. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ ഭരണരംഗത്തുനിന്നു് ചില നല്ലകാര്യങ്ങളും കിട്ടേണ്ട

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തുണ്ട്. ഇന്ന് നിസ്സാരമായ ഒരു കാര്യമാണെങ്കിൽത്തന്നെയും തിരുവനന്തപുരത്തു് സെക്രട്ടറിയേറ്റിൽ വന്നേ നടക്കൂ എന്നുള്ള സ്ഥിതിവിശേഷമുണ്ട്. അതു മാറ്റിയെടുക്കുന്നതിനും ഗ്രാമപ്രദേശങ്ങളിൽ നിവസിക്കുന്ന ആളുകൾക്കു് ഭരണത്തിന്റെ ഫലമനുഭവിക്കാൻ കഴിയുന്ന. സംവിധാനമുണ്ടാക്കാൻ സാധിക്കുമോ എന്നു പരീക്ഷിക്കുന്നതിനുമുള്ള നിയമമാണു് ഇതു്. ആ നിയമത്തിനു് മുൻതൂക്കം കൊടുക്കുന്നതിനേക്കാൾ മറ്റുചില കാര്യങ്ങൾക്കു് മുൻതൂക്കം കൊടുക്കണമെന്ന അഭിപ്രായം, ഭരണത്തിൽ ആധിപത്യം വഹിക്കുന്ന ചിലർക്കു് ഉള്ളതായി അവരുടെ ഭാവത്തിൽ നിന്നു് കാണുന്നു. ഇതു് വേഗം പാസ്സാക്കിയെടുക്കുന്നതിനു് വേണ്ടത്ര ശ്രദ്ധ കാണിച്ചില്ലെന്നു് ഞാൻ ആക്ഷേപിക്കുമ്പോൾ അതു് കാരണമില്ലാതെയല്ല. സെലക്ട് കമ്മിറ്റി റിപ്പോർട്ടു് സമർപ്പിച്ചു് സഭയിൽ വന്നശേഷം ഒരു വർഷമായി. ഇപ്പോഴും പൊതുചർച്ച കഴിഞ്ഞു് ക്ലോസു് ബൈ ക്ലോസു് ചർച്ച തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ആവശ്യമെന്നുണ്ടെങ്കിൽ പ്രത്യേകം നിയമസഭാസമ്മേളനം വിളിച്ചുകൂട്ടി പാസ്സാക്കാമെന്നു് സഭയിൽ ഉറപ്പു നൽകിയശേഷം അങ്ങനെയുള്ള യാതൊരു നീക്കവും കാണുന്നില്ല. ഇപ്പോൾ പഞ്ചായത്തുരാജു് ബില്ലിനേക്കാൾ വളരെ അടിയന്തിര പ്രാധാന്യം ഭൂപരിഷ്ക്കരണ ബില്ലിനാണെന്ന രീതിയിൽ ചർച്ചകൾ നടക്കുന്നു. ഭൂപരിഷ്ക്കരണ ബിൽ വേണമെന്ന അഭിപ്രായം തന്നെയാണു് ഞങ്ങൾക്കുമുള്ളതു്. ഭൂപരിഷ്ക്കരണ ബിൽ വളരെ പ്രാധാന്യമുള്ളതാണു്. പഞ്ചായത്തുരാജു് ബിൽ വളരെ പ്രാധാന്യമുള്ളതാണു്. രണ്ടും പ്രധാനപ്പെട്ടതാണു്. അപ്പോൾ പ്രയോറിറ്റി അനുസരിച്ചു് ചർച്ച ചെയ്തു പോവുകയാണു വേണ്ടതു്. ഇതു പറയുമ്പോൾ ഒരു കാര്യം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണു്: കർഷകർക്കു് എല്ലാ വിധത്തിലുമുള്ള ആനുകൂല്യങ്ങൾ ചെയ്യുന്നതിൽ ഞങ്ങൾ പൂർണ്ണമായും സഹകരിക്കാൻ സന്തോഷമുള്ളവരാണെന്നു മാത്രമല്ല, അവിടെ നിന്നു് ഒരടികൂടി മുന്നോട്ടു പോകാനും ഞങ്ങൾ ഒരുക്കമാണു്. ആ ഞങ്ങൾ ഭൂപരിഷ്ക്കരണനിയമത്തെ ഏതെങ്കിലും വിധത്തിൽ തടസ്സപ്പെടുത്താൻ ശ്രമിക്കുന്നുവെന്നു പറഞ്ഞാൽ അങ്ങനെ പറയുന്നവരുടെ ചിന്താഗതിയെക്കുറിച്ചു് സഹതപിക്കുകയല്ലാതെ നിവൃത്തിയില്ല. പഞ്ചായത്തുരാജു് ബില്ലിന്റെ വകുപ്പു വകുപ്പായുള്ള ചർച്ചയും തടസ്സമായി ഇടയിടെ ഒരു ചർച്ചാവേളയിൽ ആരോ ചൂണ്ടിക്കാണിച്ചു, 'ഗവണ്മെന്റിനും ചില ഭേദഗതികളും വരുത്താനുണ്ടു്" എന്നു്. സെലക്ട് കമ്മിറ്റി റിപ്പോർട്ടു കഴിഞ്ഞു് ഒരു വർഷമായിട്ടും ഭേദഗതികളെക്കുറിച്ചു് ആലോചിക്കാൻ സമയം കിട്ടിയിട്ടില്ലെന്നാണോ? അന്നത്തെ സാഹചര്യത്തിൽ നിന്നു് വ്യത്യസ്തമായ സാഹചര്യത്തിൽ നിൽക്കുമ്പോൾ ഒരു പക്ഷേ ഇന്നു് അതനുസരിച്ചു് ചില ഭേദഗതികളും കൊണ്ടുവരേണ്ടി വന്നേയ്ക്കാം. പക്ഷേ അതിനു് കാരണമായി ചില കേന്ദ്രങ്ങളിൽ നിന്നു വന്ന വിമർശനങ്ങളിൽ പറയുന്നതു്, ഈ വികേന്ദ്രീകരണം നടത്തുന്ന അവസരത്തിൽ അതിന്റെ ഫലമെന്തായിരിക്കുമെന്നുള്ള ഉൽക്കണ്ഠയുണ്ടെന്നാണു്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, നടക്കാൻ പഠിക്കുമ്പോൾ വീഴും; മുറിയും; നീന്തൽ പഠിക്കുമ്പോൾ ആദ്യം കുറെ വെള്ളമൊക്കെ കുടിച്ചു എന്നു വരും. "ഇന്നലെവരെ ബഹളം കൂട്ടി നടന്നിരുന്ന രാഷ്ട്രീയക്കാരല്ലേ ഇവരുടെ കൈയിൽ ഭരണാധികാരം കൊടുക്കാമോ" എന്നു ചോദിച്ചിരുന്ന ഒരു സ്ഥിതിവിശേഷം പണ്ടു് ഉണ്ടായിരുന്നു. തെറ്റുകൾ വരുത്തുകയും തെറ്റുകൾ മനസ്സിലാക്കുകയും തെറ്റുകൾ തിരുത്തുകയും ചെയ്താണു് കൂടുതൽ പരിഷ്ക്കാരങ്ങൾ വരുത്താൻ സാധിക്കുക.

ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ ഭാഗത്തുനിന്നു് ചില അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. അതിനെക്കുറിച്ചു് പറയുമ്പോൾ ഒരു കാര്യം സ്മരിക്കാതെ പോകുന്നതു് ശരിയല്ല. ഈ ബില്ലിന്റെ ചർച്ചാവേളയിൽ പ്രതിപക്ഷത്തു നിന്നും നൽകിയിട്ടുള്ള കാര്യമായ നിർദ്ദേശങ്ങളും, അവ പ്രതിപക്ഷമാണു് നൽകിയതു് എന്നുള്ളതിന്റെ പേരിൽ, കേരള കോൺഗ്രസ്സോ കോൺഗ്രസ്സോ ആണു് നൽകിയതു് എന്നതുകൊണ്ടു്, കാര്യമായി പരിഗണിക്കേണ്ട എന്നുള്ള മനഃസ്ഥിതിയോടുകൂടിയല്ലാതെ, പ്രതിപക്ഷത്തു നിന്നു കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ

സെലക്ട് കമ്മിറ്റി ചെയർമാനായിരുന്ന ദിവംഗതനായ ശ്രീ. അഹമ്മദ്കുരിക്കൾ സ്വീകരിച്ചിട്ടുള്ള കാര്യം വളരെ കൃതജ്ഞതയോടുകൂടി മാത്രമേ സ്മരിക്കാൻ സാധിക്കുകയുള്ളൂ. അദ്ദേഹം അക്കാര്യത്തിൽ വളരെ മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചിട്ടുണ്ട്. ആ കാര്യത്തിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്.

സർ, ഈ ബില്ലിൽ പല ന്യൂനതകളും ഉണ്ട്. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം, ജില്ലാ ഭരണത്തിൽ ഏതു നിലയിൽ ഇടപെടണം? ചില അവസരങ്ങളിൽ ഇടപെടാമെന്നു പറയുന്നുണ്ടെങ്കിലും അതു പ്രായോഗികമാക്കുമ്പോൾ പല വിധത്തിൽ ആ അവകാശം ദുരുപയോഗപ്പെടുത്തിയെന്നുവരും. ഒരു നിയമം ഉണ്ടാക്കുമ്പോൾ ദൂരവ്യാപകവും ശാശ്വതവുമായ ഒരു വീക്ഷണം ഉണ്ടായിരിക്കണം. ഇന്നത്തെ മന്ത്രി ഒരുപക്ഷേ, അധികാരം ഉപയോഗത്തിനു കൂട്ടുനിന്നില്ലെന്നുവരാം. ഗവണ്മെന്റു മാറിമാറി വരുമല്ലോ. ഇതിലെ ചില വ്യവസ്ഥകൾ കൈകാര്യം ചെയ്യുമ്പോൾ പലപ്പോഴും അധികാരം ദുരുപയോഗപ്പെടുത്താനുള്ള അവസരമുണ്ടാകാം. ഏതു വിഭാഗക്കാരുടെ കയ്യിൽ അധികാരം അമർന്നിരുന്നാലും, ജനാധിപത്യഭരണാധികാരികളായാൽപോലും ഇതിലെ ചില വകുപ്പുകളെ സംബന്ധിച്ചിടത്തോളം അതിന്റെ വിനിയോഗത്തിൽ സംശയമുണ്ടാകുന്നുണ്ട്. കേന്ദ്ര സംഘടാന ഗവണ്മെന്റുകളും തമ്മിലുള്ള ബന്ധത്തെപ്പറ്റി പറയാറുള്ളതുപോലെ സ്റ്റേറ്റും ജില്ലകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും വളരെ തർക്കങ്ങൾ ഉണ്ടാവാം. അതിന്റെ വിശദാംശങ്ങളിലേക്കു ഇപ്പോൾ കടക്കുന്നില്ല. ശ്രീ. കെ. എം. ജോർജിനു സംസാരിക്കണം, ബഹുമാനപ്പെട്ട മന്ത്രിക്കു മറുപടിയും പറയണം. അതുകൊണ്ട് ഞാൻ ദീർഘമായി ഒന്നും പറയാൻ ഉദ്ദേശിക്കുന്നില്ല.

11 A. M.]

സർ, ഒരു കാര്യം വളരെ വ്യക്തമാണ്. ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ജില്ലകളെ ഭരണം ഏല്പിക്കുമ്പോൾ അതാതവസരങ്ങളിൽ ഉണ്ടാകുന്ന വൈഷമ്യങ്ങൾ അതാതവസരങ്ങളിൽ പരിഹരിക്കാൻ ശ്രമിക്കുകയല്ലാതെ നിവൃത്തിയില്ല. ഇപ്പോൾതന്നെ ഏതോ ഭയങ്കരമായ മാറ്റങ്ങൾ ഇതിൽ വരുത്താൻ ധാരണയുള്ളതായിട്ടറിയുന്നു.

ജില്ലാ പരിഷത്തുകൾക്കും പഞ്ചായത്തുകൾക്കും അധികാരം പകുത്തുകൊടുക്കുന്നതിനെ സംബന്ധിച്ച ഭരണപരിഷ്ക്കാരക്കമ്മിറ്റി ശുപാർശകളിൽതന്നെ പറയുന്നുണ്ട്. ഡവലപ്പ്മെന്റ് വികസനങ്ങളെ സംബന്ധിച്ചിടത്തോളമുള്ള അധികാര വികേന്ദ്രീകരണം രണ്ടോ മൂന്നോ സ്റ്റേറ്റുകളെ ഇതിനകം നടത്തിയിട്ടുള്ള. വികേന്ദ്രീകരണം നടത്തുന്ന അവസരത്തിൽ ഏതെല്ലാം കാര്യങ്ങളാണ് ജില്ലാ തലത്തിലും പഞ്ചായത്തുതലത്തിലും ചുമതലപ്പെടുത്തേണ്ടതെന്ന നിർദ്ദേശങ്ങളും ഈ ബില്ലിലെ ചില വകുപ്പുകളിൽ കൊള്ളിച്ചിട്ടുണ്ട്. വിശേഷിച്ച് ഷെഡ്യൂൾ 1—ം 2—ം ഗവണ്മെന്റ് നേരിട്ടു നടത്തേണ്ടതും, ജില്ലാ പരിഷത്തിനെ ഏല്പിക്കേണ്ടതും കോമണായിട്ടുള്ളതുമായ കാര്യങ്ങളെപ്പറ്റി പറയുന്നവയാണ്. നിയമസമാധാനം, പോലീസ് ഭരണം, റവന്യൂറിക്കാർഡ് സൂക്ഷിക്കൽ, ജയിൽ ഭരണം തുടങ്ങിയ കാര്യങ്ങളും ജില്ലാ ഭരണത്തിലാക്കിയാൽ ചില ബുദ്ധിമുട്ടുകളും നേരിടുന്നതാണ്. ലാൻഡ് റിക്കാർഡുകളും ജില്ലകളിൽ സൂക്ഷിക്കുക എന്നു വന്നാൽ, സ്റ്റേറ്റിനു പലപ്പോഴും അതു സംബന്ധിച്ച ചില നടപടികളും സ്വീകരിക്കേണ്ടതായിവരും. ജില്ലയിൽ ഒരു ലിസ്റ്റും ഗവണ്മെന്റ് സെക്രട്ടറിയേറ്റിൽ വേറൊരു ലിസ്റ്റും ഇല്ലെങ്കിൽ പലപ്പോഴും ബുദ്ധിമുട്ടുണ്ടാകും. റവന്യൂവിനെ സംബന്ധിച്ച ഭരണം കൈകാര്യം ചെയ്യുന്നതു ഈ ആക്ടിലെ വ്യവസ്ഥയനുസരിച്ചാണെങ്കിൽ, ജില്ലാ പരിഷത്തിനെ അതിന്റെ ചുമതല ഏല്പിച്ചാൽ ഭരണപരമായ വിഷമങ്ങളും ഉണ്ടാകും. നേരെമറിച്ച് അതിന്റെ ചുമതല സ്റ്റേറ്റു തന്നെ ഏറ്റെടുക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

പോലീസ് അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചും പ്രയാസങ്ങൾ അനുഭവപ്പെട്ടേക്കാം. ഏതെങ്കിലും ജില്ലയുടെ ഒരു ഭാഗത്തു ഒരു സംഘട്ടനം ഉണ്ടായാൽ, നിയമസമാധാനപാലനത്തിനു ഡിസ്ട്രിക്ട് തലവൻ, സിസ്ട്രിക്ട് പോലീസ് സൂപ്രണ്ടും,

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ പരിഷത്തിന് പ്രസിഡണ്ടോ പോലീസിന്റെ സഹായം ആവശ്യപ്പെട്ടാൽ, മറെറാരു ഡിസ്ട്രിക്ടിലെ പോലീസുസേനയുടെ സഹായം വേണ്ടിവന്നാൽ ആരു് ആരെ സഹായിക്കും, അതിനു് എന്തെങ്കിലും വ്യവസ്ഥയുണ്ടോ ? സംസ്ഥാനത്തു് റിസർവ്വ് പോലീസുണ്ടു്, എം. എസ്സു്. പി. യുണ്ടു്, എസ്സു്. എ. പി. യുണ്ടു്. പൊതുവെ നിയമസമാധാനം പാലിക്കാൻ ആവശ്യമായ സേന സ്റ്റോറിലുണ്ടെങ്കിലും ഒരു ഡിസ്ട്രിക്ടിന്റെ റിക്വസ്റ്റനുസരിച്ചു് മറെറാരു ഡിസ്ട്രിക്ടു് പ്രവർത്തിക്കണമെന്നുണ്ടോ ? ചിലപ്പോഴും രണ്ടു ഡിസ്ട്രിക്ടുകളും തമ്മിൽ തന്നെ എന്തെങ്കിലും അതിർത്തിപ്രശ്നമോ മറെറ സംഘട്ടനമോ ഉണ്ടായാൽ രണ്ടു് ഡിസ്ട്രിക്ടിലുമുള്ള പോലീസു് സേവനം എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കും ? ഇന്നത്തെ നമ്മുടെ രാജ്യത്തെ നീക്കം കണ്ടാൽ, സംസ്ഥാനത്തിന്റെ ഭരണത്തിൽ പോലീസു് ഭരണം വേണ്ടതു കാര്യക്ഷമമായും നീതിപൂർവ്വകമായും നടക്കുന്നില്ലെന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ ജില്ലാതലത്തിൽ നിയമസമാധാനപാലനം വിട്ടുകൊടുക്കുകയാണെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്നുകൂടി ആലോചിക്കേണ്ടതായിരിക്കുന്നു. ഇന്നു സംസ്ഥാനത്തെ നിയമസമാധാനത്തിനു മുമതലപ്പെട്ട ആളില്ലാത്ത, അനാഥമായ ഒരു സ്ഥിതിവിശേഷംതന്നെ സംജാതമായിട്ടുണ്ടു്. സാധാരണക്കാർ എത്ര ബുദ്ധിമുട്ടും സഹിച്ചേതീരൂ എന്ന ഒരവസ്ഥയിലെത്തിയിരിക്കുകയാണു്. അതുകൊണ്ടു ഇന്നത്തെ സാഹചര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടു് സംസ്ഥാനത്തിനു് ശാശ്വതമായ ഒരു ഭരണസംവിധാനം ഉണ്ടാകാൻ ഉതകുന്ന രീതിയിൽവേണം പുതിയ നിയമനിർമ്മാണത്തിനു് ഒരുങ്ങേണ്ടതു്. പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാകണമെങ്കിൽ, ഭരണാധികാരം സ്റ്റോറു നിയന്ത്രണത്തിലായിരിക്കണം.

അതുപോലെതന്നെ ജയിൽ ഭരണത്തിന്റെ കാര്യവും. ഒരു ഡിസ്ട്രിക്ടിലെ കുറെ ക്കാർ കൂട്ടുതലായാൽ, ആ ഡിസ്ട്രിക്ടിലെ ജയിലിൽവേണ്ടതു സ്ഥലസൗകര്യമില്ലാതെ വന്നാൽ അവരെ അടുത്ത ജില്ലയിലെ ജയിലിൽ പാർപ്പിക്കാൻ വ്യവസ്ഥയുണ്ടോ? അതു സാധിക്കുമോ ? അതും ഭരണപരമായ ബുദ്ധിമുട്ടുകൾക്കു കാരണമായിത്തീരും. അതുകൊണ്ടു് പോലീസുഭരണവും ജയിൽഭരണവും വിട്ടുകൊടുക്കുന്ന കാര്യത്തെപ്പററി ആലോചിക്കേണ്ടതാണു്.

ശ്രീ. കെ. കെ. കുമാരപിള്ള : ജനാധിപത്യഭരണത്തിൽ കാക്കിയുടുപ്പുകാർക്കു് കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നാണോ ?

ശ്രീ. കെ. കരുണാകരൻ : പോലീസുമാത്രമല്ല, ചിലപ്പോഴും പട്ടാളവും വേണ്ടിവരും. വികേന്ദ്രീകരണമെന്നു പറഞ്ഞാൽ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വലിയ ഉപദ്രവംകൂടാതെ ജീവിക്കാൻ സൗകര്യം കിട്ടിയാൽ ഇതാണും വലിയ പ്രശ്നമല്ല. അവന്റെ ദൈനംദിനകാര്യങ്ങൾക്കു് ഉണ്ണാനും, വസ്ത്രത്തിനും, പാർപ്പിടത്തിനും സൗകര്യം കിട്ടിയാൽ അവൻ സംതൃപ്തനായിരിക്കും.

ശ്രീ. എ. എസ്സു്. പുരുഷോത്തമൻ : സ്വയംഭരണസ്ഥാപനങ്ങളെ ഒരിക്കലും പോലീസുഭരണം ഏല്പിക്കരുതെന്നാണോ പറയുന്നതു് ? വലിയ ജനാധിപത്യരാജ്യമായ ബ്രിട്ടണിൽ കൗണ്ടികൗൺസിൽ ഇല്ലേ?

ശ്രീ. കെ. കരുണാകരൻ : ഉണ്ടു് സമ്മതിച്ചു. ഒരു കാലത്തു് നമ്മെ അടക്കിഭരിച്ചിരുന്നവരാണെങ്കിലും ഒരു വിദേശരാജ്യത്തെപ്പററി പറയുന്നതു ചിലർക്കു് രസിച്ചില്ലെന്നുവരും. ബ്രിട്ടണിലെ കൗണ്ടികൗൺസിൽ വളരെ ഇഫക്ടീവായിട്ടതന്നെ ഭരണം നടത്തുന്നതു്. നമ്മുടെ രാജ്യത്തെപ്പോലെ കുഴപ്പങ്ങളൊന്നും അവിടെയില്ല. ബഹുമാനപ്പെട്ട മെമ്പർ എന്റെ വാദഗതിയെ അനുകൂലിക്കുകയാണു്. നാം ജനാധിപത്യത്തിനു വേണ്ടതു വളർന്നിട്ടില്ലെന്നുള്ളതാണു സത്യം.

ശ്രീ. കെ. കെ. കുമാരപിള്ള : നീന്തൽ പഠിക്കണമെങ്കിൽ വെള്ളത്തിൽ ഇറങ്ങി അല്പം വെള്ളം കുടിച്ചേപററൂ എന്നു നേരത്തെ പറഞ്ഞ ഉപമ ഇവിടെ പ്രായോഗികമല്ലാതെ വരുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : എന്റെ കുട്ടിയെ നീന്തൽ പഠിപ്പിക്കണമെങ്കിൽ വെള്ളത്തിൽ താണുപോകാത്തവിധം ഉപകരണം ഉപയോഗിച്ചു വേണ്ട പരിശീലനം നൽകുകയേയുള്ളൂ. അല്ലാതെ വെള്ളത്തിലേക്ക് എടുത്തെറിയാൻ തയ്യാറാകുകയില്ല. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ദൈനംദിനാവശ്യങ്ങൾക്ക് ആശ്വാസം നൽകുകയാണ് വേണ്ടത്. അതിനുള്ള ഏർപ്പാടുകൾ ഉണ്ടായാൽപിന്നെ മറ്റു കാര്യങ്ങൾ നോക്കാം.

സർ, ഈ സഭയിൽ ഇതിനുമുമ്പു വന്നിട്ടുള്ള ബില്ലുകളെ അപേക്ഷിച്ചു വളരെ പുരോഗമനപരമായ ഒരു ബില്ലാണിതെന്നു അവകാശപ്പെടുന്നുണ്ട്. മഹാരാഷ്ട്രയിലാണെങ്കിൽ ഡവലപ്പ്മെന്റു പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ അധികാരവികേന്ദ്രീകരണം അനുവദിച്ചിട്ടുണ്ട്. ഇവിടെ നിയമസമാധാനത്തെ സംബന്ധിച്ചിടത്തോളം വികേന്ദ്രീകരണം ശരിയാണെന്ന അഭിപ്രായം എനിക്കില്ല.

കാർഷികബന്ധബില്ലിനെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. ശ്രീ. ചാക്കോയുടെ കാലത്തു മൂന്നുസെന്റു ഭൂമി കൊടുത്തതിനു പകരം പത്തു സെന്റു കൊടുക്കുന്നു എന്നാണു ഒരു വാദം. ഇനി നാളെ ഒരു പക്ഷേ 15 സെന്റു കൊടുക്കേണ്ട സാഹചര്യം ഉണ്ടാകുമെന്നുവരും. ജനങ്ങളുടെ ആവശ്യവും, കാലത്തിന്റെ ഗതിയും അനുസരിച്ചു അത്തരത്തിലുള്ള മാറ്റങ്ങളുണ്ടാവും; ഉണ്ടാകണം. അതുകൊണ്ടു അതൊരു വലിയ നേട്ടമായി എടുത്തുപറയുന്നതിൽ അർത്ഥമില്ല.

എന്തായാലും ഒറ്റയടിക്കു എല്ലാ അധികാരങ്ങളും ജില്ലാ തലത്തിലേക്കു അല്ലെങ്കിൽ പഞ്ചായത്തിലേക്കു പകർന്നുകൊടുക്കാൻ സാധിക്കുകയില്ല. പോലീസിനെ സംബന്ധിച്ചിടത്തോളമുള്ള ജനറൽ കൺട്രോൾ സ്റ്റേറ്റിനു തന്നെയായിരിക്കണം. മറ്റു കാര്യങ്ങളെപ്പറ്റി വകുപ്പുവകുപ്പായിട്ടുള്ള ചർച്ചാവേളയിൽ പറയാമെന്നു വിചാരിക്കുന്നു. ഞാൻ അധികസമയം എടുക്കുന്നില്ല.

സർ, ഈ ബില്ലിന്റെ പേരിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം കൂടി പറയാനുണ്ട്. 'പഞ്ചായത്തിരാജ് ബിൽ' എന്നു പറഞ്ഞുകഴിഞ്ഞാൽ, അതു നാടൻ ഭാഷയല്ല, മനസ്സിലാകുന്നില്ല എന്നൊക്കെ പറയുന്നുണ്ട്. പൊതുവെ പറയുമ്പോൾ ഡിസ്ട്രിക്ട് ബോർഡ്, താലൂക്ക് ബോർഡ് എന്നൊക്കെ പറഞ്ഞുകേട്ട് ജനങ്ങൾക്കു ഒരു ധാരണയുണ്ടായിട്ടുണ്ട്. പഞ്ചായത്തിരാജ് എന്നു പറഞ്ഞാൽ അർത്ഥം പെട്ടെന്നു പിടികിട്ടാത്തതാണെന്നു പറയുന്നതിനോടു് യോജിക്കാൻ നിവൃത്തിയില്ല. മഹാത്മാഗാന്ധി വിഭാവനം ചെയ്ത 'ഗ്രാമസ്വരാജി'ലേക്കു് എത്തിച്ചേരാൻ പഞ്ചായത്തീരാജ് സംവിധാനം ഉപകരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുകയാണു്. ഏതായാലും പഞ്ചായത്തീരാജ് എന്ന പേരിൽ ഇത്രയധികം വിഷമം തോന്നേണ്ട കാര്യമില്ല. മറ്റു സംസ്ഥാനങ്ങൾകൂടി നമ്മുടെ നിയമത്തിലെ വ്യവസ്ഥകളും പകർത്തുമാറു് അധികാരവികേന്ദ്രീകരണം ഒരു പരിധിവരെ നാം ഇതിൽ അംഗീകരിക്കേണ്ടതാണു്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും ഡവലപ്പ്മെന്റു് പ്രവർത്തനങ്ങളിൽ മാത്രമാണു് വികേന്ദ്രീകരണം ഏർപ്പെടുത്തിയിട്ടുള്ളതു്. ഭരണപരമായും അധികാരവികേന്ദ്രീകരണം ആവശ്യമാണു്.

പേരിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ, 'സ്വരാജ്' എന്ന വാക്കു് എല്ലാവരും ഉപയോഗിക്കുന്നുണ്ടു്. അതു ഇംഗ്ലീഷ് വാക്കാണെങ്കിലും നാം മലയാളമായിട്ടുതന്നെ സ്വീകരിച്ചിരിക്കുകയാണു്. ഹിന്ദി ഭാഷക്കാരായ വടക്കെ ഇൻഡ്യാക്കാർപോലും, ഇംഗ്ലീഷിനെ പുറംതള്ളണമെന്നു പറയുന്നവർകൂടി സ്വരാജ് എന്ന വാക്കു് ഉപയോഗിക്കുന്നുണ്ടു്. ഇംഗ്ലീഷ് സ്കൂളിന്റെ പടിവാതിലിൽപോലും പോയിട്ടില്ലാത്തവരും ആ വാക്കു അർത്ഥബോധത്തോടുകൂടിത്തന്നെ ഉപയോഗിക്കുന്നുണ്ടു്. അതുകൊണ്ടു എനിക്കു പറയാനുള്ളതു് ഈ ബില്ലിന്റെ പേരിനെ സംബന്ധിച്ചിടത്തോളം പഴയ പേരുതന്നെ സ്വീകരിക്കുകയായിരിക്കും നല്ലതു്. പഞ്ചായത്തീരാജ് ബില്ലെന്നും, ജില്ലാ പരിഷത്തെന്നും ഉള്ളതിനുപകരം ഇപ്പോഴും ലോക്കൽ ഗവണ്മെന്റു് എന്നും ഡിസ്ട്രിക്ട് കൗൺസിൽ എന്നും പേരു മാറ്റേണ്ട ആവശ്യമില്ലെന്നാണു് എനിക്കു്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത്. മറ്റു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വകുപ്പുവകുപ്പായിട്ടുള്ള ചർച്ചകാലത്ത് അവസരമുണ്ടാകുമ്പോൾ പറയാമെന്നു കരുതുന്നു. പോലീസ് അഡ്മിനിസ്ട്രേഷനും ജയിൽ അഡ്മിനിസ്ട്രേഷനും ജില്ലാ തലത്തിൽ വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഭിന്നാഭിപ്രായക്കുറിപ്പുകൾ എഴുതാനുള്ള കാരണം ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞു.

ഈ ബില്ലിലെ ന്യൂനതകൾ പരിഹരിച്ചു പാസ്സാക്കുന്നതിനുവേണ്ടിയുള്ള സംരംഭത്തിൽ ഞാനും എന്റെ കക്ഷിയും പൂർണ്ണമായി പിന്തുണ നൽകുമെന്നു പറഞ്ഞുകൊണ്ട് ഉപസംഹരിക്കുന്നു.

ശ്രീ. കെ. എം. ജോർജ് : സർ, നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ജനാധിപത്യവൽക്കരണത്തിന്റെ ഒരു പുതിയ അദ്ധ്യായം എഴുതി ചേർക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയും പ്രതീക്ഷയോടുകൂടിയും രംഗത്തുകൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണ് പഞ്ചായത്തുരാജ് ബിൽ. ഈ ബില്ലിനെ സംബന്ധിച്ച മൊത്തത്തിൽ സംസാരിക്കുന്ന അവസരത്തിൽ ജീവംഗതനായ ശ്രീ. അഹമ്മദ് കുരിക്കളിനെ സ്നേഹപൂർവ്വം ഭക്തിപൂർവ്വം ഞാൻ സ്മരിക്കുകയാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട നേട്ടം എന്നുള്ള നിലയിലും ഈ രാജ്യത്തെ ജനാധിപത്യ പുരോഗതിക്ക് അദ്ദേഹത്തിന് നൽകാനുള്ള സംഭാവനയുടെ പ്രതീകം എന്നുള്ള നിലയിലുമാണ് ഈ നിയമനിർമ്മാണത്തെ ആദ്യം മുതൽക്കേ കൈകാര്യം ചെയ്തിട്ടുള്ളതും മാതൃകാപരമായി അധികാര വികേന്ദ്രീകരണം നടപ്പിലായി ജനാധിപത്യവൽക്കരണത്തിൽ ഒരു പുതിയ പരിവർത്തനം കാണണമെന്നു ആദ്യം മുതൽക്കേ ആഗ്രഹിക്കുകയും രോഗ ബാധിതനായിരുന്ന അവസരത്തിൽ പോലും പഞ്ചായത്തു ബില്ലിൽ ഇന്നയിന്നവിധം മാറ്റങ്ങൾ വരണമെന്നു പ്രത്യേകം ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതും. അതെല്ലാം ഈ അവസരത്തിൽ അനുസ്മരിക്കുന്നതിനുമാണ്. അദ്ദേഹത്തോടുള്ള ഭക്തിയും സ്നേഹവും കൂറും ബഹുമാനവും നിലനിറുത്തുന്നതിനു നാം ചെയ്യേണ്ട ഒരു കാര്യം ഈ നിയമം ഏറ്റവും വേഗം പാസ്സാക്കുകയും പഞ്ചായത്തു തെരഞ്ഞെടുപ്പു ഏറ്റവും വേഗം നടത്തി അതു വഴി ജനാധിപത്യവൽക്കരണം നടപ്പിൽ വരുത്തുകയും ചെയ്യുക എന്നതാണ്. അതിനു സഹായകരമായ ഒരു നിലപാടാണ് ഈ നിയമസഭയിൽ കഴിഞ്ഞ കാലങ്ങളിലായി എടുക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ തർക്കമുണ്ടാക്കുന്നതിനോ മൽസരബുദ്ധ്യാ സംസാരിക്കുന്നതിനോ ഞാൻ മുതിരുന്നില്ല, എങ്കിലും പ്രതിപക്ഷത്തുള്ള ഞങ്ങൾക്കു അതിന്റെ യഥാർത്ഥത്തിലുള്ള ചിത്രമാണോ ഈ സഭയുടെ മുമ്പിൽ ഇരിക്കുന്നതെന്നു സംശയമുണ്ട്. ഞാൻ സൂചിപ്പിക്കുന്നതു് നമ്മുടെ സംസ്ഥാനത്തെ മുഖ്യമന്ത്രിപോലും പറഞ്ഞിട്ടുള്ള, ഈ ബില്ലിനെ സംബന്ധിച്ച ഔദ്യോഗികമായ ഭേദഗതി വരുന്നുണ്ടെന്നുള്ള കാര്യമാണ്. ഔദ്യോഗികമായ ഭേദഗതി വന്ന എങ്കിൽ മാത്രമേ ഈ ബിൽ നിയമത്തിന്റെ മുശയിൽകൂടി അവസാന രൂപം പ്രാപിക്കുകയുള്ളൂ എന്ന സ്ഥിതി എത്തിയിട്ടുണ്ട്. അദ്ദേഹം നടത്തിയിട്ടുള്ള ഈ പരാമർശം ഓർത്തു നോക്കുമ്പോൾ പല കാര്യങ്ങളെപ്പറ്റിയും പറയാനുള്ളതു ഉറപ്പിച്ചു പറയുവാനോ ആവേശപൂർവ്വം പറയുവാനോ ഉള്ള ഉത്സാഹക്കുറവുണ്ട്. ഈ ബില്ലിനെ സംബന്ധിച്ചുള്ള രണ്ടാം വായന ഘട്ടത്തിൽ പല മെമ്പറന്മാരും പല കാര്യങ്ങളും ഇവിടെ പറഞ്ഞിട്ടുണ്ട്. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ചുരുക്കം ചില കാര്യങ്ങളെ സംബന്ധിച്ചു എനിക്കു സംസാരിക്കുവാനുണ്ടെങ്കിലും സമയച്ചുരുക്കം കൊണ്ട് ഞാൻ അതിനു മുതിരുന്നില്ല. ഇപ്പുറത്തുള്ള സ്നേഹിതന്മാർ പല കാര്യങ്ങളെപ്പറ്റിയും കൂടുതൽ സംസാരിച്ചിട്ടുള്ളതുകൊണ്ട് എനിക്കു കൂടുതലായിട്ട് അധികമൊന്നും സംഭാവനചെയ്യാൻ ഇല്ലെങ്കിൽതന്നെയും എന്റെ ദൃഢമായ അഭിപ്രായങ്ങൾ ആവർത്തിച്ചു പറയുവാൻപോലും ഞാൻ മുതിരുന്നില്ല, സമയമില്ലാത്തതുകൊണ്ട്. ഒന്നാമതായി പഞ്ചായത്തു തെരഞ്ഞെടുപ്പു ഈ ഡിസംബർ 1-ാം തീയതി നടത്തണമെന്നു സമ്മതിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് ഡിസംബർ ജനുവരി മാസത്തിലെങ്കിലും നടത്തുക. അതു എങ്ങനെ നടത്തണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നും അതിന്റെ ചുമതല വഹിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനും ഭരണ സംവിധാനത്തിന അവസാന രൂപം നൽകുന്നതിനും ഉള്ള നടപടികളും എടുത്തുകൊണ്ടു വരുന്ന വർഷത്തിലെങ്കിലും പഞ്ചായത്തു രാജ്ബിൽ നടപ്പിലാക്കാവുന്നിടത്തോളം താൽക്കാലികമായിട്ടെങ്കിലും നടപ്പിലാക്കുവാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നാണ് നാം ആഗ്രഹിക്കുന്നതു്. ഇന്നത്തെ ഈ രാജ്യത്തെ ഗവണ്മെൻറിന്റെ നിലപാടും രാഷ്ട്രീയ കാലാവസ്ഥയും ഇൻഡ്യയിലും കേരളത്തിലും നടക്കുന്ന പല സംഭവങ്ങളും കാണുമ്പോഴും എങ്ങനെ പ്രസംഗിച്ചാലും അങ്ങനെ പ്രസംഗിക്കാമെന്നല്ലാതെ ഇതു രൂപം കൊള്ളുമോ എന്നു എനിക്കു സംശയമുണ്ടു്. എന്റെ പ്രതീക്ഷയും പ്രാർത്ഥനാ നിർഭരമായ ആശയും ഇതു നീണ്ടുപോകരുതെന്നാണു്. ഒന്നാമതായി റവന്യു ഡിവിഷൻസു് ശരിപ്പെടുത്തണം. അതു ഇട്ടു കഴച്ചാൽ കാര്യങ്ങളും മുന്നോട്ടുകൊണ്ടു പോകുവാൻ സാധിക്കുകയില്ല. നല്ല കാര്യങ്ങളാക്കെ ചെയ്യാൻ ആഗ്രഹിച്ചപ്പോഴൊക്കെ പ്രതിപക്ഷത്തുള്ള കേരളാ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഹൃദയംഗമമായ സ്വാഗതമാണു് നൽകിയിട്ടുള്ളതു്. ഇവിടെ ഭരണത്തിൽ ദുർച്ചെലവുണ്ടായിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല, എങ്കിലും അതു വരാതിരിക്കുവാൻ കുറെ പരിശ്രമങ്ങളും നടന്നുവെന്നു സമ്മതിക്കാം. ഏതായാലും പിന്നോക്ക പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം, അവികസിത പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ ജില്ലകളും ഉണ്ടാക്കണമെന്നു തീരുമാനിച്ചപ്പോഴും അതിനുമേലുള്ള വരുകുന്ന ചെലവിനെപ്പറ്റി ഓർമ്മയില്ലാഞ്ഞല്ല, എങ്കിലും ഹൃദയംഗമമായി ഞങ്ങളും അതിനെ സ്വാഗതം ചെയ്തു. ഇന്നു എല്ലാവരും ഏറെക്കുറെ അതിൽ എത്തിയിട്ടുണ്ടെന്നു കാണുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ടു്. അങ്ങനെ ജില്ലകളും രൂപീകരിക്കുന്നതു് മലപ്പുറത്തായാലും ഞങ്ങൾക്കു വിരോധമുണ്ടായിട്ടു പറയുകയല്ല, എറണാകുളം, കോട്ടയം എന്നീജില്ലകളുടെ കിഴക്കൻ ഭാഗങ്ങളിൽ നിന്നും അവിടെനിന്നും കുറെ തെക്കുമാറ്റി മാറിയിട്ടും ഒരു പുതിയ ജില്ല രൂപീകരിക്കണമെന്നു പലപ്പോഴും പല പ്രാവശ്യവും ഇവിടെ പറഞ്ഞിട്ടുള്ളതാണു്. മിനിഞ്ഞാന്നു് ശ്രീമതി ഗൗരിയോടു ചോദിച്ചപ്പോഴും ക്യാബിനറാണു്, ക്യാബിനറു സബ് കമ്മിറ്റിയാണു് അവസാന തീരുമാനമെടുക്കുന്നതെന്നു പറഞ്ഞു. ഇവിടെ ഒരു ജില്ല രൂപവൽകൃതമാകുമോ എന്നു ചോദിച്ചപ്പോഴും ശ്രീമതി ഗൗരി അതിനു വ്യക്തമായിട്ടുള്ള മറുപടി തരാതെ തന്ത്രപൂർവ്വം ഒഴിഞ്ഞുമാറുകയാണു് ഉണ്ടായതു്. ബഹുമാനപ്പെട്ട റവന്യുമന്ത്രി മുഖ്യമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ ഇങ്ങനെ പലപ്പോഴും ഉയരുന്നുണ്ടെന്നുള്ള യാഥാർത്ഥ്യത്തെ ആത്മാർത്ഥമായി അഭിനന്ദിച്ചു കൊണ്ടു ഞാൻ പറയുകയാണു് ഇങ്ങനെ ഒഴിഞ്ഞുമാറുന്നതും അഭ്യാസ പ്രകടനങ്ങളുമല്ലാം ഭരണതലപ്പത്തു ഇരിക്കുന്ന ആളുകൾക്കു പറ്റിയതല്ല, അവരുടെ ചുമതല ഉറപ്പുകൊടുക്കേണ്ട കാര്യങ്ങൾക്കു് ഉറപ്പുകൊടുക്കുകയും നിയമസഭയിൽ തുറന്നുപറയാവുന്ന കാര്യങ്ങളും അപ്പപ്പോഴും തുറന്നു പറയുകയും ചെയ്യുക എന്നതാണു്. ജനാധിപത്യപരമായ നടപടി അതാണു്.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : മി. ജോർജ്ജ് ഞാൻ പറയുന്നതു് വിശ്വസിച്ചാൽ മതി. അതിനൊരു കമ്മിറ്റിയുണ്ടു്. അതു് ഫംഗ്ഷൻ ചെയ്തു തീരുമാനം എടുക്കും.

ശ്രീ. കെ. എം. ജോർജ്ജ് : ശ്രീമതി ഗൗരിയെ എനിക്കു പണ്ടേ വിശ്വാസമാണു്; അടുത്ത കാലത്തു ആ വിശ്വാസം വർദ്ധിച്ചുവരികയുമാണു്. ഒരു വ്യാഴവട്ടക്കാലത്തെ എന്റെ അനുഭവത്തിൽ നിന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതു് സ്ത്രീ സഹജമായ കുറെ ദൗർബ്ബല്യവും മറ്റും ഉണ്ടു് എന്നല്ലാതെ തന്ത്രപൂർവ്വം കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ കഴിയുമെന്നും അതിനുള്ള സാമർത്ഥ്യം ഇത്രയുംനാൾ മനസ്സിൽ വച്ചുകൊണ്ടു നടക്കുകയായിരുന്നു എന്നും ഇപ്പോൾ മാത്രമാണു് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതു്. ശ്രീമതി ഗൗരി ഒരു ഉറപ്പു ഈ കാര്യത്തിൽ തന്നാൽ അതു വിശ്വസിക്കുവാൻ ഞാൻ തയ്യാറാണു്. മലബാർ ജില്ല രൂപീകരണം ഇപ്പോഴും എങ്ങനെയിരിക്കുന്നു? അതിന്റെ റിപ്പോർട്ട് കിട്ടുകയുണ്ടായി എന്നു പറയുന്നു. അതിൽ എറണാകുളം കോട്ടയം ജില്ലകളുടെ കിഴക്കൻ പ്രദേശങ്ങളും പീരുമേട് താലൂക്കിലെ

LIBRARY ARCHIVES Kerala Legislative Assembly

ഏതാണും ഓഗങ്ങളും വന്നു എന്നാണറിയുന്നതു്. മൂവാറ്റുപുഴ താലൂക്കു പാടെ തള്ളി. ഞാൻ മൂവാറ്റുപുഴ താലൂക്കുകാരനാണു്. തൊടുപുഴ താലൂക്കിന്റെ മുക്കും നാക്കും ചെത്തിക്കളഞ്ഞു എന്നറിയുന്നു. അതു ശരിയാണെങ്കിൽ അതിൽ ഉൾക്കണ്ണുണ്ടു്. അങ്ങനെ ചെയ്യരുതെന്നാണു് എനിക്കഭ്യർത്ഥിക്കുവാനുള്ളതു്. അങ്ങനെയൊരു ജില്ല രൂപീകരിക്കുന്നപക്ഷം അതിൽ ഈ നാലു താലൂക്കുകളും പിന്നുമേടു താലൂക്കും ഉണ്ടാ യിരിക്കണം. അതിന്റെ തലസ്ഥാനം ന്യായയുക്തമായിട്ടുള്ള സ്ഥലത്തു സ്ഥാപി ക്കട്ടെ. അതുകൊണ്ടു മാത്രമായില്ല. തെക്കോട്ടു വരുമ്പോൾ മറ്റൊരു പ്രദേശം ഉണ്ടു്. ആലപ്പുഴ കൊല്ലം ജില്ലകളുടെ കിഴക്കൻ ഓഗങ്ങളിലായി പത്തനാപുരവും പത്തനംതിട്ടയും ഉൾപ്പെടുത്തിക്കൊണ്ടു ഒരു ജില്ല രൂപീകരിക്കണമെന്ന അവിടത്തെ ജനങ്ങൾ നിവേദനം നൽകിയിട്ടു വളരെ കാലമായി. ബഹുമാനപ്പെട്ട മന്ത്രിക്കു ആ പ്രദേശത്തെ കാര്യങ്ങൾ കുറെ നേരിട്ടറിവുള്ളതാണു്. അങ്ങനെ അവിടെയുള്ള പത്തു ലക്ഷത്തിൽപരം ആളുകൾ വച്ചിട്ടുള്ള ഈ അഭ്യർത്ഥന തള്ളിക്കളയരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. ആ ജില്ല രൂപീകരിക്കുവാനുള്ള തീരുമാനം ഏറ്റവും വേഗം എടുക്കണമെന്നു വീണ്ടും വീണ്ടും അഭ്യർത്ഥിക്കുകയാണു്.

<u>ശ്രീ. പി. പി. കൃഷ്ണൻ :</u> വടക്കൻ വയനാടും തെക്കൻ വയനാടും കൂടി ഒരു വടക്കൻ മലബാർ ജില്ല ഉണ്ടാക്കുന്നതിനെപ്പറ്റി ഒന്നും പറയുവാനില്ലേ?

<u>ശ്രീ. കെ. എം. ജോർജ്ജു്</u> : ആ പ്രദേശങ്ങളെ സംബന്ധിച്ച ഭൂമിശാസ്ത്രപരമായ അറിവു എനിക്കില്ലാത്തതുകൊണ്ടും പെട്ടെന്നു അതു എന്റെ ഓർമ്മയിൽപ്പെടാതിരുന്നതുകൊണ്ടും ഞാൻ ആ കാര്യം സൂചിപ്പിക്കാതിരുന്നതാണു്. ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നുണ്ടു്, ബഹുമാന്യ സുഹൃത്തു ശ്രീ. കെ. പി. ആർ. ഗോപാലൻ പല പ്രാവശ്യവും അതിനെപ്പറ്റി ഇവിടെ പറഞ്ഞിട്ടുള്ള കാര്യം. മലപ്പുറം ജില്ല രൂപ മെടുക്കുന്നതിനുമുമ്പുതന്നെ അതു രൂപീകരിക്കേണ്ടതാണെന്നു അദ്ദേഹം ശക്തിമത്തായി വാദിക്കാറുണ്ടായിരുന്നു. അതിലൊന്നും എനിക്കു യാതൊരു അഭിപ്രായവ്യത്യാസവു മില്ല. ഒരു ജില്ലയാക്കാനുള്ള ജനസംഖ്യയും മറ്റു കാര്യങ്ങളും ഉണ്ടെങ്കിൽ അവികസിതമായിട്ടുള്ള ഇത്തരം പ്രദേശങ്ങളും സജീവമായി പരിഗണിക്കേണ്ടതുതന്നെയാണു്. അതുപോലെതന്നെ പഞ്ചായത്തുകളിലെ ക്രമക്കേടുകളെ സംബന്ധിച്ചു ഇന്നു രാവിലെ ചോദ്യോത്തര സമയത്തു ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയുണ്ടായി. പല പഞ്ചായത്തുകളും ശാസ്ത്രീയമായ രീതിയിലല്ലാതെ ഉണ്ടാക്കിയിരിക്കുകയാണു്. ചില പഞ്ചായത്തുകളിൽ വാർഡുകളും തീരെയില്ലാതെയും ചില സ്ഥലത്തു പഞ്ചായത്തുകളെ വെട്ടിമുറിച്ചു രണ്ടും മൂന്നും പഞ്ചായത്തുകളാക്കുകയും ചെയ്തതു അശാസ്ത്രീയമായ രീതിയാണു്. ഇതിനു കാരണം ഇതിലേയ്ക്കു നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ കാര്യങ്ങളും ശരിക്കു് മനസ്സിലാക്കാഞ്ഞിട്ടോ, ചൂവപ്പുനാടയുടെ രീതിയിലുള്ള കഴപ്പുണ്ടായും വന്നതുകൊണ്ടോ എന്താണെന്നറിവില്ല. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി ആ കാര്യത്തിൽ ബോധവനാണെന്നു കാണുന്നതിൽ സന്തോഷമുണ്ടു്. കാര്യങ്ങളും ന്യായയുക്തമായി ചെയ്യുൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നു അഭ്യർത്ഥിക്കുകയാണു്. ഇരട്ടയാർ പ്രദേശം പഞ്ചായത്താക്കണമെന്നുള്ളതിൽ യാതൊരു വ്യക്തിക്കും അഭിപ്രായ വ്യത്യാസം ഉണ്ടാകാൻ ഇടയില്ല. അതിനു സമ്മതിച്ചിട്ടുള്ള സ്ഥിതിക്കു അവിടെ ന്യായയുക്തമായ നിയമാനുസരണമായ നടപടികളും അതിന്റെ നിർണ്ണയവും അതുപോലുള്ള മറ്റു കാര്യങ്ങളും ചെയ്യുവാൻ കാലതാമസം വരാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

ഇന്നു ഇപ്പോഴും ഈ സഭയുടെ മുമ്പിലിരിക്കുന്ന ബില്ലിനെ സംബന്ധിച്ചു പറയുമ്പോൾ ഔദ്യോഗികമായ ഭേദഗതി ഈ ബില്ലിൽ വരുത്തുവാനാണെന്നു നേരത്തെ മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു അതിന്റെ മറ്റു വിശദാംശങ്ങളിലേയ്ക്കു ഞാൻ കടക്കുന്നില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതിന്റെ അലകും പിടിയും മാറുന്ന എന്തോ ഉണ്ടെന്നുള്ളതു് സ്പഷ്ടമാണു്. അങ്ങനെയില്ലെന്നു ശ്രീമതി ഗൗരി പറഞ്ഞാൽ ഞാൻ വിശ്വസിക്കുവാൻ തയ്യാറാണു്. ഇന്നുവരെ ഇവിടെ നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സംഭവങ്ങളാണ് തെളിയിക്കുന്നത്. ഇതിന്റെ അവസാന രൂപം എന്താകുമെന്ന വ്യക്തമാകാത്തതുകൊണ്ടാണ് ഭേദഗതി കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സഭ ഈ ഓണം അവധി കഴിഞ്ഞു വേഗം വീണ്ടും കൂടുമ്പോൾ ഭേദഗതി കൊടുക്കാമെന്നുള്ള ആലോചനയാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് ഔദ്യോഗികമായ ഭേദഗതി എന്താണെന്നുള്ള കാര്യം വ്യക്തമാക്കണം. അതറിഞ്ഞെങ്കിൽ മാത്രമേ ഞങ്ങൾക്കു ഞങ്ങളുടെ നിലപാട് വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ. പേരിന്റെ കാര്യത്തിൽ ശ്രീ. കരുണാകരൻ പറഞ്ഞ അഭിപ്രായത്തോട് ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണ്. എല്ലാവർക്കും മനസ്സിലാകുന്ന ഭാഷ, അതു ഏതു ഭാഷയിലായാലും സ്വീകരിക്കുക എന്നതാണ് നല്ലത്. എന്റെ അഭിപ്രായത്തിൽ ഇന്നു വിഭാവനം ചെയ്തിട്ടുള്ള ഈ ബില്ലിൽ പോലീസിന്റെ അധികാരം ജില്ലാസമിതികൾക്ക് വിട്ടുകൊടുത്തിട്ടുള്ളതു അപകടമാണ്. ഇംഗ്ലണ്ടിലെ കൗണ്ടികൗൺസിലിനെപ്പറ്റി ഇവിടെ പറഞ്ഞിട്ടൊന്നും കാര്യമില്ല. പത്തോ പന്ത്രണ്ടോ ജില്ലാ സമിതികളും ഉണ്ടെങ്കിൽ അവ ഓരോന്നും ഓരോ വിധത്തിൽ നിയമസമാധാനം പാലിച്ചാൽ ഉണ്ടാകാവുന്ന കുഴപ്പങ്ങളും എന്താണെന്നു നമുക്കു ഊഹിക്കാവുന്നതേയുള്ളൂ. തീർച്ചയായിട്ടും സ്റ്റേറ്റടിസ്ഥാനത്തിൽ പോലീസ് നിയമസമാധാനം പാലിക്കുകയായിരിക്കും ഇന്നത്തെ സ്ഥിതിയിൽ നല്ലത്. കുറച്ചുകാലം കഴിഞ്ഞിട്ടവേണമെങ്കിൽ നമുക്കു പിന്നെ അതൊക്കെ ആലോചിക്കാം. ഫോറസ്റ്റു ഡിപ്പാർട്ടുമെന്റിന്റെ മുതലായും യാതൊരു കാരണവശാലും ജില്ലാസമിതികൾക്കു വിട്ടുകൊടുക്കേണ്ടകാര്യമില്ല; ഒരു ഏകീകൃതമായ നയവും പരിപാടിയും സ്റ്റേറ്റടിസ്ഥാനത്തിലുണ്ടാക്കി മുമ്പോട്ടു പോകുകയാണ് നല്ലത്. അതുപോലെതന്നെ സിവിൽ ഡിഫൻസ് ജില്ലാ സമിതികൾക്കു വിട്ടുകൊടുക്കേണ്ട കാര്യമല്ല. സ്റ്റേറ്റടിസ്ഥാനത്തിൽതന്നെ ചെയ്യേണ്ട കാര്യമാണ്. അതുപോലെതന്നെ കൊളീജിയേറ്റു എഡ്യൂക്കേഷൻ ഭരണം യാതൊരു കാരണവശാലും ജില്ലാസമിതികൾക്ക് വിട്ടുകൊടുക്കുവാൻ പാടില്ല. പക്ഷേ സെക്കണ്ടറി വിദ്യാഭ്യാസം പഞ്ചായത്തു ലെവലിലേയ്ക്കു കൈമാറ്റം ചെയ്താൽ ഭംഗിയായി നടക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. പഞ്ചായത്തുകളിലേയ്ക്കും ജില്ലകളിലേയ്ക്കും അധികാരം പകർന്നു കൊടുക്കണമെന്നു പറയുമ്പോൾ ഈ നിയമസഭയിലുള്ളവർക്കുപോലും ഒരേ കാഴ്ചപ്പാടല്ല ഉള്ളതു്. ഉദാഹരണമായി പഞ്ചായത്തു ആക്ടിന്റു് അനുസരിച്ചു പഞ്ചായത്തിലേയ്ക്കു ട്രാൻസ്ഫർ ചെയ്തിട്ടുള്ള ഭൂമികൾ "stand vested in the Panchayat" എന്നു പ്രത്യേകം പറഞ്ഞിട്ടില്ലെങ്കിൽ പഞ്ചായത്തിനു കൈകാര്യം ചെയ്യാൻ സാധിക്കുകയില്ലെന്നു ഭേദഗതി അവതരിപ്പിച്ച പാസ്സാക്കിയിട്ടുണ്ട്. അതിനുശേഷം പിന്നീടുണ്ടായിരിക്കുന്ന വിശദീകരണത്തിൽ അപ്പർ ടെനൻറിന്റെ ഡിക്ഷണറി മീനിംഗിന്റെ വ്യാഖ്യാനവും നോക്കിപ്പോയി ആറിനേറയോ കുളത്തിനേറയോ വാട്ടർ സ്പോട്ടിനേറയോ 8 ഇഞ്ചോ 9 ഇഞ്ചോ ജലവിതാനമുള്ള സ്ഥലവും അപ്പർ ടെനൻറായിപോകുകയാണ്. ആ വിധത്തിലാണ് അതിന്റെ വിശദീകരണം പോയിരിക്കുന്നതു്. ചില പ്രദേശത്തു ആറുകളിൽ നിന്നും തടാകങ്ങളിൽ നിന്നും മണൽ വാരുന്നതിനു പഞ്ചായത്തു് ആക്ഷൻ കൊടുക്കുകയും അതിൽ നിന്നും ആദായം കിട്ടുകയും ചെയ്യുമായിരുന്നു. ഇന്നു അതിന്റെ പേരിൽ പല പഞ്ചായത്തു ഉദ്യോഗസ്ഥന്മാരും അടികൊണ്ടു ആശുപത്രിയിൽ കിടന്നിട്ടു് അവരെ അന്വേഷിച്ചു പോകേണ്ട ഗതികേടു എനിക്കുണ്ടായിട്ടുണ്ട്. പഞ്ചായത്തു ഭൂമി ആരെങ്കിലും കൈയേറിയാൽ അവരെ തീർച്ചയായിട്ടും ഇറക്കിവിടുമെന്നും അങ്ങനെ പഞ്ചായത്തിനേയും സ്വയംഭരണ സ്ഥാപനങ്ങളേയും രക്ഷിക്കുമെന്നും ശ്രീ. അഹമ്മദ് കരിക്കും, ശ്രീ. നഹ ഇരിക്കുന്ന സീറ്റിൽ ഇരുന്നുകൊണ്ടു ഉറപ്പുകൊടുത്തിട്ടുള്ള കാര്യം ഞാൻ ഓർമ്മിക്കുകയാണ്.

ഇന്നു് പഞ്ചായത്തുകൾക്ക് പഞ്ചായത്താഫീസ് കെട്ടിടം പണിയുന്നതിനു വേണ്ടി നീക്കിവച്ചിരുന്ന സ്ഥലത്തുപോലും ആളുകൾ കയ്യേറി കുടിലുകളും പുരകളും വെച്ചുകെട്ടി താമസിക്കുകയാണ്. അവരെ ഇന്നു് പഞ്ചായത്തുകൾക്കു് ഇറക്കിവിടാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളതു്. നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെൻറുകളും തമ്മിൽ തമ്മിൽ അധികാരമൽസരം നടത്തുന്നതല്ലാതെ കാര്യങ്ങളൊന്നുംതന്നെ ശരിയായും വേണ്ടപോലെയും നടത്തുന്നില്ല. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കു് ഒന്നും ചെയ്യാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷമാണുള്ളതു്. ഇതിനു് ഒരു മാറ്റം വരുത്തേണ്ടതാവശ്യമാണു്. ജില്ലാസമിതികൾക്കു് അധികാരം വിട്ടുകൊടുക്കുന്നുവെന്നു പറയുമ്പോൾ മനസ്സിൽ ഒന്നു് വച്ചുകൊണ്ടും വിട്ടുകൊടുക്കുന്നതു് മറ്റൊരു രീതിയിലും ആകുന്നതു് ശരിയായ നടപടിയായിരിക്കുകയില്ലെന്നാണു് എനിക്കു് ഓർമ്മപ്പെടുത്തുവാനുള്ളതു്. ജനാധിപത്യത്തിലൂടെ പുരോഗമനപരമായ വികാസമാണു് ഉണ്ടാക്കാൻ നാം ആശിക്കുന്നതെങ്കിൽ ജനങ്ങളെ ഇക്കാര്യത്തിൽ സഹകരിപ്പിക്കേണ്ടതാണു്. മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് ആണു് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ തീർച്ചയായും ഇന്നുള്ള മനോഭാവം മാറേണ്ടതാണു്. ഇന്നു് പഞ്ചായത്തു് എന്നു പറഞ്ഞാൽ പഞ്ചായത്തു പ്രമേയം ആളുകൾക്കു് കയ്യേറാനും ഇഷ്ടംപോലെ വിനിയോഗിക്കാനുമുള്ള ഒന്നായിത്തീർന്നിരിക്കുകയാണു്. ഈ നിയമനിർമ്മാണംകൊണ്ടു് താഴെക്കിടയിലേക്കു് അധികാരവികേന്ദ്രീകരണം നടത്തുന്നതിനും, ആ അധികാരങ്ങളും ശരിയായി വിനിയോഗിക്കാനും, ഈ നാട്ടിലെ സാധാരണ ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യാനുമുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കാനാണു് ഉദ്ദേശിക്കുന്നതെങ്കിൽ ഇപ്പോഴുള്ള അധികാരമൽസരവും വഴക്കുകളും സമരങ്ങളുമെല്ലാം ഒഴിവാക്കേണ്ടതാണു്. അതു് ഒഴിവാക്കിയില്ലെങ്കിൽ ഈ ബിൽ പാസാക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുകയില്ല. അതുകൊണ്ടു് ഇന്നുള്ള മനോഭാവം മാറണം, മാറണം എന്നു് പ്രത്യേകിച്ചു് മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു് പാർട്ടിയിലുള്ളവരോടു് ഞാൻ അപേക്ഷിക്കുകയാണു്.

അടുത്തതായി എനിക്കു പറയുവാനുള്ള ഒരു കാര്യം ജില്ലാ സമിതികളിൽ എം.എൽ.എ.മാർ മെമ്പറന്മാരായിരിക്കണമോ അവർ വോട്ടില്ലാത്ത മെമ്പർമാരായി ജില്ലാ സമിതികളിലെ ചർച്ചകളിൽ പങ്കെടുക്കണമോയെന്നുള്ളതിനെപ്പറ്റിയാണു്. ഇതിനെസംബന്ധിച്ചു് ഇവിടെ രണ്ടു തരത്തിലുള്ള അഭിപ്രായങ്ങളുണ്ടായി. എം.എൽ.എ.മാർ ഇതിൽ പങ്കെടുക്കണമെന്നും പങ്കെടുക്കേണ്ട ആവശ്യമില്ലെന്നുമാണു് ആ അഭിപ്രായങ്ങളും. നിയമസഭയിലുള്ള പരിചയസമ്പത്തു് ജില്ലാസമിതിയിലെ അംഗങ്ങളെക്കൂടി പഠിപ്പിക്കുന്നതിനു് വോട്ടില്ലാതെ പങ്കെടുക്കണമെന്നാണെങ്കിൽ എനിക്കു് അതിനെപ്പറ്റി പറയുവാനുള്ളതു് ഈ അടുത്ത കാലത്തു് നിയമസഭയിൽ ഉണ്ടാകുന്ന കാര്യങ്ങളും അവരെക്കൂടി പഠിപ്പിക്കാതിരിക്കുകയാണു് നല്ലതെന്നാണു്. ഇനി ഇത്തരം സംഭവങ്ങളും ഇവിടെ ആവർത്തിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. നമ്മുടെ നാട്ടിലെ ഏതു് നിലവാരത്തിലുള്ള ആളുകൾക്കും വിവരവും അറിവും കുറവില്ല. എം. എൽ. എ.മാർ അസോസിയേറ്റഡു് മെമ്പറന്മാരായിരിക്കണമെന്നും വോട്ടില്ലാതെ അവിടെ പോയിരിക്കണമെന്നും പറയുന്നതു നേരിട്ടു് എനിക്കു് അശേഷം യോജിപ്പില്ല. എം. എൽ. എ.മാരുടെയും എം. പി.മാരുടെയും ഇപ്പോഴത്തെ മാതൃക അത്ര നല്ലതല്ല. അതുകൊണ്ടു് ആ മാതൃക ജില്ലാകൗൺസിലിലെ അംഗങ്ങളെ പഠിപ്പിക്കേണ്ട ആവശ്യമില്ലയെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഓണം കഴിഞ്ഞാൽ ഉടൻതന്നെ നിയമസഭ സമ്മേളിച്ചു് ഈ ബിൽ വേണ്ടവിധത്തിൽ പാസാക്കിയെടുക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈ ബിൽ പാസാക്കിയെടുക്കുന്നതിൽ മുൻഗണന കൊടുക്കണമെന്നുള്ളതിൽ ഈ നിയമസഭയിലുള്ള ആർക്കുംതന്നെ അഭിപ്രായവ്യത്യാസം ഉണ്ടാകുകയില്ല. ഈ ബില്ലിന്റെ സെലക്റ്റുകമ്മിറ്റി റിപ്പോർട്ടു് ഈ നിയമസഭയിൽ അവതരിപ്പിച്ചിട്ടു് ഒരു കൊല്ലം കഴിഞ്ഞു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ നിയമത്തിൽ വരുത്തേണ്ട ഭേദഗതികളും വരുത്തി ഏറ്റവും വേഗം പാസാക്കേണ്ടതാണു്. മൺമറഞ്ഞുപോയ ശ്രീ. അഹമ്മദു് കുരിക്കളുടെ സ്മാരകം എന്നുള്ള നിലയ്ക്കു് നല്ല ജില്ലാസമിതികളും അധികാരത്തിൽ വരുത്തുന്നതിനും, ജനാധിപത്യവൽക്കരണം നടത്തുന്നതിനും, സാധാരണ ജനങ്ങൾക്കു് എല്ലാ കാര്യങ്ങൾക്കും തിരുവനന്തപുരത്തു്

LIBRARY ARCHIVES Kerala Legislative Assembly

ഒടിവരാതെ കാര്യങ്ങൾ നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും ഈ നിയമം ഏറ്റവും വേഗം പാസ്സാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണു്.

പഞ്ചായത്തും സാമൂഹ്യവികസനവുംമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി) : സർ, സുപ്രധാനമായ പഞ്ചായത്തു്രാജു്ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് ഈ സഭയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ബഹുമാനപ്പെട്ട മെമ്പറന്മാരും ഉന്നയിച്ച ആവശ്യങ്ങളും പ്രശ്നങ്ങളുമെല്ലാംതന്നെ എന്നെ സംബന്ധിച്ചിടത്തോളം വളരെയധികം സഹായകരമായിരിക്കുമെന്നു് അറിയിക്കാൻ എനിക്കു് സന്തോഷമുണ്ടു്. പല ബഹുമാനപ്പെട്ട മെമ്പറന്മാരും എന്റെ മുൻഗാമിയായിരുന്ന അന്തരിച്ചുപോയ ബഹുമാനപ്പെട്ട അഹമ്മദുകുരിക്കളെ അനുസ്മരിക്കുകയും, അദ്ദേഹത്തിനു് അധികാരവികേന്ദ്രീകരണം നടത്തുന്നതിനു് എത്രത്തോളം ഉൽക്കണ്ഠയുണ്ടായിരുന്നുവെന്നു് ഓർമ്മിപ്പിക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ ഞാനും അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ടു് അദ്ദേഹം കൈക്കൊണ്ടിരുന്ന അതേ നിലവാരത്തിൽ, അതേ പാതയിൽക്കൂടി ചലിച്ചുകൊണ്ടു് അദ്ദേഹം നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന കാര്യങ്ങളും നടപ്പിലാക്കുന്നതിനു് പരമാവധി പരിശ്രമിക്കുന്നതാണു്. ഈ ബിൽ പാസാക്കാതെ വച്ചു താമസിപ്പിക്കുന്നുവെന്നും ഈ ബില്ലിൽ വെള്ളം ചേർക്കാൻ ഗവണ്മെന്റു ഭാഗത്തുനിന്നും ഉദ്ദേശിക്കുന്നുവെന്നും ഉള്ള പ്രസ്താവനകളും ഇതിനു മുമ്പു ഇവിടെ നടന്ന പ്രസംഗങ്ങളിലും ഇന്നു് നടന്ന പ്രസംഗങ്ങളിലും ഉണ്ടായിരുന്നു. എന്നാൽ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ഈ ബിൽ കരുതിക്കൂട്ടി താമസിപ്പിക്കണമെന്നോ ഈ ബില്ലിൽ ഇന്നുള്ളതും പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്നതുമായ വല്ലതും ഇല്ലായ്മ ചെയ്യണമെന്നോ ഉദ്ദേശമില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഈ ബില്ലിനു കുറെ താമസം നേരിട്ടിട്ടുണ്ടെന്നുള്ളതു് വാസ്തവമാണു്. അതിന്റെ കാരണം ഈ സഭയിലെ എല്ലാവർക്കും അറിയാവുന്നതുമാണു്. ഈ ബില്ലിന്റെ സെലക്ട്കമ്മിറ്റി റിപ്പോർട്ടു് വരുന്നതു നമുമ്പായി ഈ സഭയിൽ അവതരിപ്പിച്ചിരുന്ന കേരള സഹകരണബില്ലും, കേരള യൂണിവേഴ്സിറ്റി ബില്ലും ചർച്ച നടത്താനും അവ പൂർത്തിയാക്കാനും വളരെയധികം സമയം എടുത്തിരുന്നുവെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമെന്നു് ഞാൻ വിചാരിക്കുകയാണു്. അതു് കഴിഞ്ഞിട്ടുടനെ കൂടിയ സമ്മേളനം ബഡ്ജറ്റു അവതരിപ്പിക്കാനും, അതു് പാസാക്കാനുമുള്ളതായിരുന്നു. ആ സമ്മേളനത്തിൽ എല്ലാം മുഴുമിപ്പിക്കാൻതന്നെ വളരെയധികം പ്രയാസമുണ്ടായിരുന്നതുകൊണ്ടു് ഈ ബിൽ ചർച്ചയ്ക്കെടുക്കാൻപോലും സാധിച്ചില്ല. പിന്നീടു കൂടിയതാണു് ഇപ്പോഴത്തെ സമ്മേളനം. ഈ സമ്മേളനത്തിൽ ഈ ബില്ലുതന്നെ ആദ്യമായി എടുക്കാൻ പരിശ്രമിക്കുകയും അതിൻ പ്രകാരം അതെടുക്കുകയും ചർച്ച നടത്തുകയും ചെയ്തു. അങ്ങനെ സ്വാഭാവികമായി വന്ന താമസം ഉണ്ടായിയെന്നല്ലാതെ യാതൊരു കാരണവശാലും ഈ ബിൽ പെട്ടു താമസിപ്പിക്കണമെന്നോ അധികാരവികേന്ദ്രീകരണം നടപ്പിലാക്കുന്നതിൽ വൈമനസ്യം കാണിക്കണമെന്നോ ഉള്ള ആഗ്രഹം ഒട്ടുംതന്നെ ഗവണ്മെൻറിനുണ്ടായിരുന്നില്ലെന്നു് ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണു്.

സർ, ഇവിടെ നടന്ന ചർച്ചകളിൽ ഈ ബില്ലിലെ ഒന്നാം പട്ടിക വളരെ വ്യക്തമാക്കണമെന്നും, ഇപ്പോഴും ഒട്ടുംതന്നെ വ്യക്തമല്ലെന്നും ശ്രീ. വാസുദേവമേനോൻ, ശ്രീ. പി. സി. രാഘവൻനായർ, ശ്രീ. രാഘവപ്പൊതുവാൾ തുടങ്ങിയ ബഹുമാനപ്പെട്ട പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ചിടത്തോളം നാം ഉദ്ദേശിക്കുന്ന തരത്തിലാകുകയാണെങ്കിൽ എല്ലാ അധികാരങ്ങളും ഡിസ്ട്രിക്ട് കൗൺസിലിനു് നീക്കിവയ്ക്കുകയും, അതേ അവസരത്തിൽ കൗൺസിലിനു് നടത്താൻ സാധിക്കാത്ത മേജർ കാര്യങ്ങളും മാത്രം ഗവണ്മെൻറിൽ നിക്ഷിപ്തമാക്കുകയും ചെയ്യണമെന്നുള്ള ലക്ഷ്യം വച്ചുകൊണ്ടു് ഇതിലെ സെലക്ട്കമ്മിറ്റി അംഗങ്ങൾ വളരെ ക്ലേശംസഹിച്ചു ചിന്തിച്ചതിനു

LIBRARY ARCHIVES Kerala Legislative Assembly

ശേഷമാണു് ഈ ഒന്നാം പട്ടിക അംഗീകരിക്കാൻ ഇടയായതു്. എല്ലാ അധികാര ങ്ങളും ഗവണ്മെൻറിൽ നിക്ഷിപ്തമാക്കിക്കൊണ്ടു് ബില്ലു് പാസാക്കുന്നതു് ന്യായമാ യിരിക്കുകയില്ല. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലേയും പഞ്ചായത്തു്രാജു് ബിൽ വായിച്ചുനോക്കിയാൽ, ജില്ലാപരിഷത്തിനും പഞ്ചായത്തുകൾക്കും അധികാര ങ്ങളും വിട്ടുകൊടുക്കുന്ന നീണ്ട നീണ്ട പട്ടിക കാണിച്ചിട്ടുണ്ടെങ്കിലും, സെലക്ടു കമ്മിറ്റി അംഗങ്ങളും ഈ സ്ഥലങ്ങളെല്ലാം സന്ദർശിച്ച അവസരത്തിൽ അവിടെ യൊന്നുംതന്നെ പട്ടികയിൽ കാണിച്ചിട്ടുള്ള ഒരു അധികാരവും കൗൺസിലുകൾക്കോ പഞ്ചായത്തുകൾക്കോ വിട്ടുകൊടുത്തിട്ടില്ലെന്നു് മനസ്സിലാക്കാൻ സാധിച്ചു. മഹാ രാഷ്ട്രയിൽപ്പോലും എല്ലാ അധികാരങ്ങളും കൗൺസിലുകൾക്കും പഞ്ചായത്തു കൾക്കും വിട്ടുകൊടുത്തിട്ടില്ല. ആ നിലയിൽ നമുക്കു് വികസനസമിതിയായി മാത്രം ജില്ലാ കൗൺസിലുകളെ അധഃപതിപ്പിച്ചുകൂടാ. കൂടുതൽ ഭരണപരമായ അധി കാരങ്ങളും ജില്ലാ കൗൺസിലുകൾക്കു് കൊടുക്കണമെന്നുള്ളതുകൊണ്ടാണു് ഒന്നാം പട്ടിക ഇങ്ങനെ വച്ചിട്ടുള്ളതു്; ഇനി ഗവണ്മെൻറിൽ എന്തെല്ലാം അധികാരങ്ങളും നിക്ഷിപ്തമാക്കണമെന്നു് രൂളകളിൽ ഉൾപ്പെടുത്തിയാൽ മതിയെന്നു് സെലക്ടു കമ്മിറ്റി തീരുമാനിക്കുകയും ചെയ്തതു്. നേരെമറിച്ചു് ആകെടിൽത്തന്നെ നാം വളരെ ക്ലിയറായി പ്രസ്താവിച്ചാൽ അതിനു് വല്ല മാറ്റവും വരുത്തേണ്ടിവരികയാ ണെങ്കിൽ വളരെയധികം വൈഷമ്യം നേരിടുമെന്നു് സെലക്ടുകമ്മിറ്റി പറഞ്ഞി രുന്നു. അതിൻെറ അടിസ്ഥാനത്തിലാണു് ഒന്നാം പട്ടിക അത്രതന്നെ വ്യക്തമാ ക്കാതെ ഉൾക്കൊള്ളിച്ചതു്. ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ ജില്ലാ കൗൺസിലുകൾക്കു് കൊടുക്കേണ്ട അധികാരങ്ങളും എന്തെല്ലാമെന്നും ഗവണ്മെൻറിൽ എന്തെല്ലാം അധികാ രങ്ങളും നിക്ഷിപ്തമാക്കണമെന്നും വ്യക്തമാക്കാൻ നമുക്കു് സാധിക്കും. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഈ ബില്ലിൻെറ ഉദ്ദേശലക്ഷ്യങ്ങളേയും സാമാന്യരൂപ ത്തെയും സ്വാഗതം ചെയ്തുകാണുന്നതിൽ വളരെയധികം സന്തോഷമുണ്ടു്. അഖി ലേന്ത്യാ മാതൃകയിൽനിന്നു് വ്യതിചലിച്ചുകൊണ്ടു് ഇവിടെ മാത്രം ട്രിടയർ സിസ്റ്റം ഉണ്ടാക്കുന്നതു് എന്തിനാണെന്നും ഇവിടെയും ത്രീ ടയർ സിസ്റ്റം ഉണ്ടാക്കിയാൽ പോരേയെന്നും ശ്രീ രാഘവൻനായർ ചോദിക്കുകയുണ്ടായി. നമ്മുടെ ബില്ലിൽ ത്രീ ടയർ സിസ്റ്റും നടപ്പിൽ വരുത്തുന്ന സ്വഭാവത്തോടുകൂടിയ ഒരു ഉപദേശക സമിതിയുണ്ടു്. മറ്റുള്ള സംസ്ഥാനങ്ങളിൽ ത്രീ ടയർ സിസ്റ്റമാണുള്ളതെങ്കിലും അവിടെ ഏതെങ്കിലും ഒരു ടയർ എങ്കിലും ഉപദേശകസ്വഭാവത്തോടുകൂടിയതാ ണെന്നു കാണാൻ സാധിക്കും. അതുകൊണ്ടു് നമ്മുടെ ബില്ലിലെ തത്വമനുസരിച്ചു നോക്കുമ്പോൾ ത്രീ ടയർ സിസ്റ്റമുള്ള അഖിലേൻഡ്യാ പാറേൺ തന്നെയാണെന്നു കാണാവുന്നതാണു്.

പിന്നെ ഈ ബില്ലിൻെറ പേരിനെ സംബന്ധിച്ചു് പ്രതിപക്ഷനേതാക്കന്മാരും ഇതിനുമുമ്പു സംസാരിച്ച പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഉന്നയിക്കുകയുണ്ടായി. ഇതിനെസംബന്ധിച്ചു് വിശദമായ ചർച്ചകൾ സെലക്ടുകമ്മിറ്റിയിൽ ഉണ്ടാക കയും, പഞ്ചായത്തു്രാജു് എന്നും, ജില്ലാ കൗൺസിലാക്ടു് എന്നും ഇങ്ങനെയുള്ള പല പേരുകളും നിർദ്ദേശിച്ച ട്ടുണ്ടായിരുന്നുവെങ്കിലും ഒടുവിൽ എല്ലാവരും ഇപ്പോൾ കൊടുത്തിട്ടുള്ള പേരു് മതിയെന്നുള്ള ഒരു നിഗമനത്തിൽ എത്തുകയും അങ്ങനെ എല്ലാവരുടേയും സമ്മതത്തോടുകൂടി ഈ പേരു് നിശ്ചയിക്കുകയും ചെയ്തുവെന്നാണു് എൻെറ ഓർമ്മ. സെലക്ടുകമ്മിറ്റിയിലെ ഒരംഗമായിരുന്ന എനിക്കു് എൻെറ ഓർമ്മ ശരിയാണെങ്കിൽ അന്നു് പേരിനെ സംബന്ധിച്ചിടത്തോളം വലിയ എതിർ പ്പില്ലാതെ എല്ലാവരും അംഗീകരിച്ചുവെന്നാണു് തോന്നുന്നതു്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : സെലക്ടുകമ്മിറ്റിയിൽ എതിർപ്പില്ലാതെ യാണു് ഈ പേരു തീരുമാനിച്ചതെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുന്നതുകൊണ്ടു് ഞാൻ പറയുകയാണു്. അന്നു് സെലക്ടുകമ്മിറ്റിയിൽവച്ചു് ഞങ്ങളിൽ പലരും വളരെ ശക്തിയായ എതിർപ്പു പ്രകടിപ്പിച്ചിരുന്നുവെന്നറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : എന്റെ മുൻഗാമിയായിരുന്ന അന്തരിച്ചുപോയ ശ്രീ. അഹമ്മദ്കുരിക്കൾ എതിർപക്ഷപാർട്ടികൾക്കുപോലും അനുകൂലമായ വിധത്തിലുള്ള ഒരു നടപടിയാണ് പേരിന്റെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നാണ് എന്റെ ഓർമ്മയിൽനിന്നും എനിക്ക് പറയുവാനുള്ളത്.

ശ്രീ. കെ. കരുണാകരൻ : ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യുകയില്ലെന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്കുള്ള എതിർപ്പ് ഡിസെന്റിംഗ് നോട്ടിൽ കൊടുക്കുമെന്നും അന്നുതന്നെ വ്യക്തമാക്കിയിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : കാര്യങ്ങൾ എന്തായാലും ശരി അന്ന് പേരിന്റെ കാര്യത്തിൽ ആർക്കുംതന്നെ വലിയ എതിർപ്പണ്ടായിരുന്നില്ലെന്നാണ് എനിക്ക് തോന്നുന്നത്. വലിയ എതിർപ്പുകളൊന്നുമില്ലാതെയാണ് സെലക്ട് കമ്മിറ്റി അന്ന് പിരിഞ്ഞത്. പേരു് എന്തായാലും ശരി, അധികാരം വിട്ടുകൊടുക്കുന്ന കാര്യത്തിലും അധികാരവികേന്ദ്രീകരണമെന്നുള്ള നയം പ്രായോഗികമായി നടപ്പിലാക്കാനാവശ്യമായ ഘടകങ്ങളായ ജില്ലകളും പഞ്ചായത്തുകളും നമ്മുടെ സംസ്ഥാനത്തു ഉണ്ടാകണമെന്നുള്ളതല്ലാതെ, പേരിൽ ഇത്രമാത്രം വാശിപിടിക്കേണ്ട കാര്യം ഉണ്ടെന്നും എനിക്ക് തോന്നുന്നില്ല.

സർ, ജില്ലാ കൗൺസിലുകൾക്ക് സ്വന്തമായി നികുതി വരുമാനമുണ്ടായിരിക്കണമെന്നും ശ്രീ ആർ. കൃഷ്ണൻ മുതലായ ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. വളരെയധികം പരിചിന്തനം ചെയ്തതിനുശേഷം സെലക്ട് കമ്മിറ്റി അന്ന് എത്തിച്ചേർന്നതും അങ്ങനെയുള്ള ഒരു അധികാരം ജില്ലാകൗൺസിലിനും ആവശ്യമില്ലെന്നുള്ളതാണ്. കാരണം അതിന്റെ പ്രായോഗിക വശങ്ങൾ നോക്കുമ്പോൾ ജില്ലാകൗൺസിലുകൾക്ക് നികുതിയിനങ്ങൾ ഏൽപ്പിച്ചുകൊടുക്കണമെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട എക്സൈസും നികുതി, സെയിൽസ്ടാക്സും നികുതി മുതലായ ഇനങ്ങളാണ് ഏൽപ്പിച്ചുകൊടുക്കേണ്ടി വരുന്നതു്. ആ ഇനങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയാണെങ്കിൽ ചില ജില്ലാകൗൺസിലുകൾക്ക് വളരെ ഭീമമായ സംഖ്യയും മറ്റു ചിലതിനു് തുച്ഛമായ സംഖ്യയും മാത്രമേ ലഭിക്കുകയുള്ള ആ സംഖ്യകൊണ്ടു് ജില്ലാ കൗൺസിലുകളുടെ ഭരണം കാര്യക്ഷമമായി നടത്താൻ സാധിക്കുകയില്ലെന്ന കണ്ടതുകൊണ്ടാണ് ജില്ലാകൗൺസിലുകൾക്ക് നികുതി പിരിക്കാനുള്ള അധികാരം നൽകേണ്ടതില്ലെന്ന ഗവണ്മെന്റു് തീരുമാനിച്ചതു്. ഒരു കൗൺസിലിന്റെ ഭരണം സുഗമമായി നടത്തണമെങ്കിൽ 5 കോടി രൂപാ മുതൽ 10 കോടി രൂപാവരെ അതിന്റെ ബഡ്ജറ്റിൽ ഉണ്ടാക്കേണ്ടതായിവരും. അങ്ങനെയുള്ള പരിതഃസ്ഥിതിയിൽ തുച്ഛമായ വരുമാനമാർഗ്ഗമുള്ള നികുതിയിനങ്ങൾ ഏൽപ്പിച്ചുകൊടുത്തതുകൊണ്ടുമാത്രം അവയുടെ ഭരണം നടത്താൻ സാധിക്കുകയില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിലായിരുന്നു, നികുതിയിനങ്ങൾ ജില്ലാകൗൺസിലുകൾക്ക് വിട്ടുകൊടുക്കേണ്ടതില്ല, ഭരണത്തിനാവശ്യമായ സംഖ്യ ഗവണ്മെന്റു് ഗ്രാന്റായി കൊടുത്താൽ മതിയെന്നു് തീരുമാനിച്ചതു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : ചില നികുതിയിനങ്ങൾ വിട്ടുകൊടുത്തതിന്റെ ഫലമായിട്ടു് വരുമാനത്തിൽ ജില്ലാകൗൺസിലുകൾ തമ്മിൽ അസമത്വം വന്നാൽ അതു് നികത്തുന്നതിനു് ഗവണ്മെന്റിൽനിന്നും ഗ്രാന്റു് നൽകിയാൽപോരേ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : അസമത്വമായ നികുതി പിരിവു് ഏൽപ്പിക്കുന്നതിനു പകരം ഓരോ ജില്ലാകൗൺസിലിനും ആവശ്യമായ തുക ഗ്രാന്റായി കൊടുത്താൽ മതിയെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം.

ജില്ലാകൗൺസിലിന്റെ മേൽ ഗവണ്മെന്റിന്റെ നിയന്ത്രണം കുറേ അധികമാകുന്നു എന്നു് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻനായരും, ബഹുമാനപ്പെട്ട ചാഴിക്കാടനും മറ്റു പല അംഗങ്ങളും, ഇന്നു സംസാരിച്ച പ്രതിപക്ഷ നേതാക്കളും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ജില്ലാകൗൺസിലുകളുടെമേൽ ഗവണ്മെന്റിനു് ചില നിയന്ത്രണങ്ങളും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും കൗൺസിലിന്റെ ദൈനംദിന

LIBRARY ARCHIVES Kerala Legislative Assembly

ഭരണത്തിൽ കൈകടത്താനുള്ള യാതൊരു അധികാരവും ഗവൺമെന്റിനു് നൽകുന്നി ല്ലെന്നുള്ള വസ്തുത നമുക്കു് മനസ്സിലാക്കാൻ സാധിക്കും. അതേയവസരത്തിൽ കൗൺസിൽ ഗവണ്മെൻറിനെതിരായോ, അല്ലെങ്കിൽ ഈ ആക്ടിനെതിരായോ പ്രവർത്തിക്കുമ്പോഴും അതിനെ നിയന്ത്രിക്കുന്നതിനും അതിനു് നടപടികളും എടുക്കുന്നതിനും ആവശ്യമായ അധികാരം ഗവണ്മെൻറിൽ നിക്ഷിപ്തമാക്കാഞ്ഞാൽ നമ്മുടെ കൗൺസിലുകളുടെ ഭരണം എങ്ങനെ പോകുമെന്നുള്ളകാര്യം ചിന്തിക്കണം. ആ നിലയ്ക്കു് അത്യാവശ്യമായ നിയന്ത്രണാധികാരമല്ലാതെ, ദൈനംദിന ഭരണത്തിൽ ഏർപ്പെട്ടുകൊണ്ടു് കൗൺസിലിന്റെ ഭരണത്തെ നിയന്ത്രിച്ചുകൊണ്ടു പോകാനുള്ള യാതൊരു അധികാരവും ഈ ബില്ലിലെ ഒരു വകുപ്പുപോലും ഗവണ്മെൻറിനു് നൽകുന്നില്ലെന്നു പ്രസ്താവിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്.

അതുപോലെതന്നെ നമ്മുടെ നാട്ടിലുള്ള കോർപ്പറേഷനുകളേയും മുൻസിപ്പാലിറ്റികളേയും ജില്ലാകൗൺസിലുകളുടെ കീഴിൽ കൊണ്ടുവരുന്നതെന്നുള്ള ആവശ്യം ബഹുമാനപ്പെട്ട തിരുവനന്തപുരം മേയർ ശ്രീ. കെ. സി. വാമദേവനും, അതുപോലെതന്നെ കേളമാസ്റ്ററും, മറ്റു പല അംഗങ്ങളും ഉന്നയിക്കുകയുണ്ടായി. ഇതേ സംബന്ധിച്ചു് പല നിവേദനങ്ങളും ഗവണ്മെൻറിനു് പലരിൽനിന്നും കിട്ടിയിട്ടുണ്ടെന്നുള്ള വിവരവും ഞാൻ സഭയെ അറിയിക്കുകയാണു്. ഇതിന്റെ സെലക്ടുകമ്മിറ്റി ഘട്ടത്തിൽതന്നെ, പല മുൻസിപ്പാലിറ്റികളുടേയും കാർപ്പറേഷനുകളുടേയും പ്രതിനിധികളും കാർപ്പറേഷനുകളേയും മുൻസിപ്പാലിറ്റികളേയും ജില്ലാകൗൺസിലിന്റെ പരിധിയിൽനിന്നു് ഒഴിവാക്കണമെന്നു് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു എന്നാൽ അന്നു് നാം അതു് ഒഴിവാക്കാതെ നിലനിലുള്ള വകുപ്പു് എഴുതിച്ചേർക്കുകയാണുണ്ടായതു്. എന്നാൽ വീണ്ടും ഈ കാര്യം മുൻസിപ്പൽ ചെയർമാൻമാരുടെ കൗൺസിലും അതുപോലെതന്നെ കാർപ്പറേഷനുകളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തി. എന്നുമാത്രമല്ല സഭയിലെ ബഹുമാനപ്പെട്ട പല അംഗങ്ങളും ആ അഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളതായി ഞാൻ മനസ്സിലാക്കുന്നു. കോർപ്പറേഷനുകളും മുൻസിപ്പാലിറ്റികളും ഇന്നു ഗവണ്മെൻറിന്റെ കീഴിൽ സ്വയംഭരണാധികാരമുള്ള ചില സ്ഥാപനങ്ങളാണു്. വാസ്തവത്തിൽ ഗവണ്മെൻറിനു് അതിന്മേൽ തുച്ഛമായ നിയന്ത്രണാധികാരംമാത്രമേ ഉള്ളു എന്നുള്ളതു മനസ്സിലാക്കിക്കൊണ്ടു് ആ അധികാരം ജില്ലാകൗൺസിലിനു് വിട്ടുകൊടുക്കണമെന്നു് എനിക്കു് അഭിപ്രായമില്ല. അവർക്കു് വിട്ടു നിൽക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ അവരെ ഈ ബില്ലിന്റെ പരിധിയിൽനിന്നു് ഒഴിവാക്കുന്നതിൽ വിരോധമില്ലെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി : കാർപ്പറേഷനുകളേയും മുനിസിപ്പാലിറ്റികളേയും ജില്ലാകൗൺസിലിന്റെ അധികാര പരിധിയിൽനിന്നു് ഒഴിവാക്കാൻ ആഗ്രഹിക്കുന്നുണ്ടെന്നു പറഞ്ഞു. ചില സ്റ്റേറ്റുകളിൽ മുനിസിപ്പൽ ചെയർമാൻമാർ ജില്ലാപരിഷത്തിലെ മെമ്പറാണു്. ആസാം, ഒറീസാ, വെസ്റ്റുബംഗാൾ മുതലായ സംസ്ഥാനങ്ങളിൽ അവർ ജില്ലാകൗൺസിലിലെ മെമ്പർമാരാണു്, ബീഹാറിൽ മുൻസിപ്പാലിറ്റികളിൽനിന്നു് തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രതിനിധി ജില്ലാകൗൺസിലിലെ മെമ്പറാണു്. ആ സ്ഥിതിക്കു് ഇവിടത്തെ ജില്ലാകൗൺസിലിൽ മുൻസിപ്പാലിറ്റിക്കു് പ്രാതിനിധ്യം കൊടുക്കുന്നതിനെക്കുറിച്ചു് ഗവണ്മെൻറിന്റെ അഭിപ്രായം എന്താണു്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാഹാജി : അവരുടെ അധികാരങ്ങളും ജില്ലാകൗൺസിലുകളും നിയന്ത്രിക്കുന്നില്ലെന്നുള്ളതുകൊണ്ടു് അവർക്കു് പ്രാതിനിധ്യം കൊടുക്കണമെന്ന ആവശ്യവും ഉണ്ടാവുന്നില്ല.

ശ്രീ. പി. എസ്. നമ്പൂതിരി : ജില്ലാകൗൺസിലിന്റെ അധികാരപരിധിയിൽ കാർപ്പറേഷനുകളും മുൻസിപ്പാലിറ്റികളും വരുന്നതുകൊണ്ടു് അവരുടെ സ്വയംഭരണാധികാരത്തിനു് യാതൊരുവിധ കോട്ടവും തട്ടുന്നില്ല. അതുകൊണ്ടു് ഇതിനെ ഒഴിച്ചു നിറുത്തുന്നതു് പ്രായോഗികമാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : എല്ലാ സ്വയംഭരണ സ്ഥാപനങ്ങളും ഗവണ്മെൻറിന്റെ കീഴിലാണുള്ളതു്. ജില്ലാകൗൺസിലുകളും പഞ്ചായത്തുകളും ഗവണ്മെൻറിന്റെ കീഴിലാണു് വരാൻപോകുന്നതു്. അതുകൊണ്ടു് കാർപ്പറേഷനുകളേയും മുൻസിപ്പാലിറ്റികളേയും ജില്ലാകൗൺസിലിന്റെ പരിധിയിൽ നിറുത്തിക്കൊള്ളണമെന്ന നിർബന്ധിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പഞ്ചായത്തിലെ അംഗങ്ങൾക്കു് ജില്ലാ കൗൺസിലിൽ പ്രാതിനിദ്ധ്യം വേണമെന്ന ബഹുമാനപ്പെട്ട ചില അംഗങ്ങൾ ഇവിടെ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ അങ്ങനെയൊരു ആവശ്യമില്ലെന്നുള്ള തീരുമാനത്തിലാണു് സെലക്ട്കമ്മിറ്റി എത്തിച്ചേർന്നിരിക്കുന്നതു്. കാരണം പഞ്ചായത്തുകളിലെ മെമ്പർമാർക്കും പ്രസിഡൻറുമാർക്കും ജില്ലാകൗൺസിലിലേക്കു് തിരഞ്ഞെടുത്തുവരാനുള്ള അധികാരമുള്ളതുകൊണ്ടു്, അങ്ങനെയുള്ള പ്രാതിനിദ്ധ്യത്തിനു് വേറെ എലക്ടറൽ റോൾ ഉണ്ടാക്കി അവരെ തിരഞ്ഞെടുക്കേണ്ട ആവശ്യമില്ലെന്നുള്ള തീരുമാനത്തിലാണു് ഗവണ്മെൻറു് എത്തിച്ചേർന്നിരിക്കുന്നതു്. അതുപോലെതന്നെ എം. എൽ. എ. മാരെ സംബന്ധിച്ചിടത്തോളം ചില ബഹുമാനപ്പെട്ട മെമ്പർമാർ വോട്ടവകാശമില്ലാതെ പോലും എം. എൽ. എ. മാരെ ജില്ലാകൗൺസിലിൽ കൊണ്ടുവരാൻ പാടില്ലെന്നു നിർദ്ദേശിക്കുമ്പോഴും മറ്റൊരു വിഭാഗം മെമ്പറന്മാർ വോട്ടവകാശത്തോടുകൂടിയ മെമ്പറന്മാരായി അവരെ പരിഗണിക്കണമെന്നു് നിർദ്ദേശിക്കുന്നതായിട്ടാണു് എനിക്കു് കേൾക്കാൻ സാധിച്ചതു്. അതിനിടയിൽനിന്നുകൊണ്ടു് ഇന്നു ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള അതേ വ്യവസ്ഥ തുടരുന്നതായിരിക്കും നല്ലതെന്നാണു് എന്റെ അഭിപ്രായം. എം. എൽ. എ മാർ വോട്ടവകാശമില്ലാത്ത അധികാരത്തോടെയാണെങ്കിലും ജില്ലാ കൗൺസിലിൽ ഉണ്ടായിരിക്കേണ്ടതു് വളരെ ആവശ്യമാണെന്നാണു് എന്റെ വ്യക്തിപരമായ അഭിപ്രായം. കാരണം ജില്ലാകൗൺസിലുകളായിരിക്കും കാര്യമായ വികസന പ്രവർത്തനങ്ങളും നടത്തേണ്ട സ്ഥാപനം. ആ സന്ദർഭത്തിൽ ജനങ്ങളോടു് ഉത്തരവാദിത്വമുള്ള എം. എൽ. എ. മാർ ജില്ലകൗൺസിലുകളുടെ വികസനകാര്യങ്ങളിൽ എന്തു തീരുമാനമെടുക്കുന്നു എന്നു അറിയാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടാകരുതെന്ന കരുതിയാണു് ഗവണ്മെൻറു് ഇങ്ങനെ തീരുമാനിച്ചിട്ടുള്ളതു്.

ശ്രീ. ജോർജ്ജ് തോമസ് : എം. എൽ. എ. മാർക്കു് വോട്ടവകാശം നൽകുന്നതുകൊണ്ടുള്ള ദോഷം എന്താണെന്നു് ചുരുക്കമായി വിശദീകരിക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : ശരിക്കും ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടവർക്കു് വോട്ടവകാശം കൊടുക്കുക എന്നുള്ളതിൽ കവിഞ്ഞു് നോമിനേറ്റു് ചെയ്യപ്പെടുന്ന എം. എൽ. എ. മാരെ പോലുള്ള അംഗങ്ങൾക്കു് വോട്ടവകാശം നൽകണമെന്നു് ഗവണ്മെൻറിനു് അഭിപ്രായമില്ല. കാരണം ആ വോട്ടവകാശമുണ്ടാകുന്നതുകൊണ്ടു് എം. എൽ. എ. മാർക്കു് പ്രത്യേകമായി ഗുണമില്ലെന്നു് നാം മനസ്സിലാക്കണം. ഇന്നു വികസന കൗൺസിലുകളിൽ നടന്നുവരുന്ന സമ്പ്രദായം നാം പരിശോധിക്കുകയാണെങ്കിൽ മിക്ക കാര്യങ്ങളിലും വോട്ടെടുപ്പു് ഉണ്ടാകാറില്ലെന്നു് കാണാൻ സാധിക്കും. വികസന കൗൺസിലുകളിൽ പങ്കെടുക്കുന്നതു് അവരവരുടെ നിയോജകമണ്ഡലത്തിലെ വികസന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നതിനും അതു് കൗൺസിലിനെക്കൊണ്ടു് അംഗീകരിപ്പിക്കുകയും ചെയ്യുന്നതിനാണു്. ആ നിലയിൽ ജില്ലാ കൗൺസിലുകളിലും എം. എൽ. എ. മാർ പങ്കെടുക്കുകയും വികസന കാര്യങ്ങളിൽ അവർക്കുള്ള അഭിപ്രായങ്ങളും നൽകുകയും ചെയ്യണം. അതുകൊണ്ടു് വോട്ടവകാശമില്ലാത്ത അംഗങ്ങളായെങ്കിലും എം. എൽ. എ. മാരെ ജില്ലാകൗൺസിലുകളിൽ പങ്കെടുപ്പിക്കണമെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ബില്ലിലുള്ള വ്യവസ്ഥതന്നെ അംഗീകരിക്കുന്നതായിരിക്കും നല്ലതെന്നാണു് തോന്നുന്നതു്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റു പലരും ഡിസൻറിംഗ് നോട്ടിൽ കൊടുത്തിട്ടുള്ളതും ഈ സഭയിൽ പ്രസ്താവിച്ചിട്ടുള്ളതുമായ പല സംഗതികളും ഗവണ്മെൻറ് കുലങ്കഷമായി

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കേണ്ടതും അവയിൽ ചിലതെല്ലാം തീർച്ചയായും സ്വീകാര്യമാണെന്നുള്ള പതനത്തിൽ എത്തിച്ചേരുകയും ചെയ്തിരിക്കുകയാണു്. സിവിൽ ഡിഫൻസു് മുതലായ ചില കാര്യങ്ങളും തീർച്ചയായും കൺകറന്റു് ലിസ്റ്റിൽപ്പെട്ടതായതുകൊണ്ടു് എടുത്തുകളയേണ്ടതാണെന്നാണു് ഗവണ്മെന്റിന്റെ അഭിപ്രായം. രണ്ടാമതു്, പോലീസു് അധികാരത്തെ സംബന്ധിച്ചു് സെക്കന്റു് ഷെഡ്യൂളിൽപ്പെടുത്തിയിട്ടുള്ളതു് ഈ കാലഘട്ടത്തിൽ, അതു് ചെയ്യാൻ പാടില്ലെന്നുള്ള വിമർശനം ഇവിടെ നടക്കുകയുണ്ടായി. വാസ്തവത്തിൽ ആ വിമർശനം കേട്ടപ്പോൾ എനിക്കു് തോന്നിയതു് ഒന്നാം പട്ടികയിൽപ്പെട്ട സംഗതികളും ആണോ എന്നാണു്. ഒന്നാം പട്ടികയിൽപ്പെട്ട സംഗതികളും മാത്രമേ ജില്ലാ കൗൺസിലിനു് പെട്ടെന്നു് ചെയ്യാൻ സാധിക്കുകയുള്ളു. രണ്ടാം പട്ടികയിൽപ്പെട്ട കാര്യങ്ങളും ഗവണ്മെന്റു് ഏതു് സന്ദർഭത്തിൽ വിട്ടുകൊടുക്കുന്നുവോ ആ സന്ദർഭത്തിൽ മാത്രമേ നടത്താൻ സാധിക്കുകയുള്ളു. ആ അധികാരം രണ്ടാം ഷെഡ്യൂളിൽപ്പെടുത്താതെ വിട്ടുകളഞ്ഞാലും ഗവണ്മെന്റിനു് കൗൺസിലിനു് ആവശ്യമായ അധികാരങ്ങളും കൊടുക്കാനുള്ള വകുപ്പു് ബില്ലിലുണ്ടെന്നുള്ളതു് ബഹുമാനപ്പെട്ട അംഗങ്ങളും ഓർക്കണം. അതുകൊണ്ടു് രണ്ടാം ഷെഡ്യൂളിൽ പോലീസു് അധികാരം വച്ചതുകൊണ്ടു് യാതൊരു അപകടവുമില്ല. ഏതു ഗവണ്മെന്റായാലും അവർക്കു് ആ അധികാരം നൽകണമെന്നു ഉദ്ദേശിക്കുന്ന സമയത്തല്ലാതെ ജില്ലാകൗൺസിലിനു് ആ അധികാരം ലഭിക്കുകയില്ല എന്നുള്ളതുകൊണ്ടു് ആർക്കും അതിൽ ഇന്നു ഭയം ഉണ്ടാകേണ്ടതില്ല എന്നാണു് എന്റെ അഭിപ്രായം. അതുപോലെതന്നെ കൺകറന്റു് ലിസ്റ്റിൽപ്പെടുത്തിയ പല സംഗതികളും ഷെഡ്യൂളുള്ളതു് മാറ്റാൻ ഗവണ്മെന്റു് ആഗ്രഹിക്കുന്നുണ്ടു്. ഗവണ്മെന്റു് ഭാഗത്തുനിന്നും എന്തെല്ലാം ഭേദഗതികളും കൊണ്ടുവരുന്നു എന്നു അറിഞ്ഞിട്ടു് മാത്രമേ ഞങ്ങൾക്കു് വ്യക്തമായ നയം സ്വീകരിക്കാൻ സാധിക്കുകയുള്ളു എന്നു് ബഹുമാനപ്പെട്ട ശ്രീ. എം. ജോർജ്ജു് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഗവണ്മെന്റിനെസംബന്ധിച്ചേടത്തോളം ഭേദഗതികളും കൊണ്ടുവരാൻ ഉദ്ദേശിക്കുമ്പോൾ, ഈ ബിൽ പാസ്സാക്കിയാൽ നടപ്പിലാകാത്ത നിയമമാകരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയുള്ള വ്യവസ്ഥകളും മാത്രമേ കൊണ്ടുവരികയുള്ളു. ഭരണഘടനക്കെതിരായി നിൽക്കാത്തതും, പ്രയോഗത്തിൽ വരുത്താൻ കഴിവുള്ളതുമായ ഭേദഗതികളും മാത്രമേ ഗവണ്മെന്റു് കൊണ്ടുവരികയുള്ളു. ഒന്നാം ഷെഡ്യൂളിൽ പറയുന്ന കാര്യങ്ങളും ഗവണ്മെന്റിന്റെ നോട്ടിഫിക്കേഷൻമൂലം നടപ്പാക്കുമെന്നാണു് പറയുന്നതു്. നോട്ടിഫിക്കേഷൻമൂലം ഒന്നാം ഷെഡ്യൂളും നടപ്പാക്കുന്നതെങ്കിൽ, ഒന്നാം ഷെഡ്യൂളിൽ പറയുന്ന എല്ലാ വകുപ്പുകളെ സംബന്ധിച്ചുള്ള നിലവിലുള്ള ആക്ടുകളും ഭേദഗതി ചെയ്തതിനുശേഷംമാത്രമേ നോട്ടിഫിക്കേഷൻ ഇറക്കാൻ സാധിക്കുകയുള്ളു. അങ്ങനെയുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ വളരെ താമസം ഉണ്ടാകുമെന്നുള്ളതു് സ്വാഭാവികമാണു്. ഇപ്പോൾ ജില്ലാകൗൺസിലിനു് കൊടുക്കാൻ ഉദ്ദേശിക്കുന്ന അധികാരങ്ങളും തക്ക സന്ദർഭത്തിൽ അവർക്കു് കൊടുക്കാൻ സാധിക്കുകയില്ല. അതുകൊണ്ടു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു് ഒന്നാം ഷെഡ്യൂളിലെ ഓരോ ഐറ്റവും വെവ്വേറെ നോട്ടിഫിക്കേഷൻമൂലം കൊണ്ടുവരുമെന്നുള്ള ഭേദഗതി ഇന്നിനു് വരുത്തണം. കാരണം അങ്ങനെ വരികയാണെങ്കിൽ ഓരോ ഡിപ്പാർട്ടമെന്റിനേയും സംബന്ധിച്ചുള്ള നിയമങ്ങളിൽ കഴിവുള്ളപ്പോഴും ഭേദഗതി വരുത്തുകയും ആ ഡിപ്പാർട്ടമെന്റുകളും ജില്ലാ കൗൺസിലുകളും വേഗം വിട്ടുകൊടുക്കുന്നതിനുള്ള പരിതഃസ്ഥിതി ഉണ്ടാകുകയും ചെയ്യണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണു് അങ്ങനെയുള്ള ഭേദഗതി കൊണ്ടുവരണമെന്നു് ഉദ്ദേശിക്കുന്നതു്.

ഹരിജനങ്ങൾക്കു് ഇന്നുള്ള പ്രാതിനിധ്യം പോരാ എന്ന പല അഭിപ്രായങ്ങളും പുണ്ടിക്കാണിക്കുകയുണ്ടായി. ഓരോ ജില്ലയിലും ഓരോ ഹരിജൻ മെമ്പറെങ്കിലും ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയാണു് ഈ ബില്ലിൽ ചേർത്തിട്ടുള്ളതു്. അതു് അല്പം വർദ്ധിപ്പിച്ചുകൊടുക്കുന്നതു് നീതിയായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ആ വകുപ്പു് സംഗതികളും ഗവണ്മെന്റു് ശ്രദ്ധിക്കുന്നതാണു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട മെമ്പറന്മാർ നേടിട്ടുവച്ചിട്ടുള്ള ഈ ബില്ലിനു് അനുയോജ്യമായ ഭേദഗതികളും തുറന്ന മനസ്സോടുകൂടി സ്വീകരിക്കുകയും, അധികാരവികേന്ദ്രീകരണം നടപ്പാക്കാൻ മെമ്പർമാർക്കുള്ള ഉൾക്കണ്ണു മനസ്സിലാക്കിക്കൊണ്ടു്, അതിനേക്കാളും കൂടുതൽ ഉൾക്കണ്ണുള്ള, അധികാരം ജനങ്ങളിലേക്കു് പകർന്നു കൊടുക്കണമെന്നു് ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെന്നുള്ള നിലയിൽ ഈ ബിൽ കഴിവതുംവേഗം പാസ്സാക്കാനുള്ള എല്ലാ സഹായസഹകരണങ്ങളും എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുകയും ചെയ്യണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ഈ ബില്ല സംബന്ധിച്ചുള്ള പൊതു ചർച്ച അവസാനിച്ചിരിക്കുകയാണു്.

(iii) The Kerala Land Reforms (Amendment) Bill, 1968

Mr. Speaker: Now we pass on to the discussion on the Kerala Land Reforms (Amendment) Bill, 1968.

Revenue Minister (**Smt K. R. Gouri**) : Sir, I move that the Kerala Land Reforms (Amendment) Bill, 1968 as reported by the Select Committee be taken into consideration.

Transport Minister (**Shri. E. K. Imbichi Bava**) : Sir, I second it.

ശ്രീമതി കെ. ആർ. ഗൗരി : സർ, കാർഷികപരിഷ്ക്കരണഭേദഗതി നിയമം ഈ നിയമസഭയിൽ ആദ്യം അവതരിപ്പിച്ചതു് 1968 ആഗസ്റ്റു് 19–ാംതീയതിയാണു്. ഏതാണ്ടു് ഒരുകൊല്ലത്തിനുമുമ്പാണു് select കമ്മിറ്റി റിപ്പോർട്ടു് താമസിക്കുന്നതിനെ സംബന്ധിച്ചു്, ഈ നിയമം പാസ്സാക്കാത്തതിനു്, ഈ നിയമസഭയുടെ എല്ലാ ഭാഗത്തുനിന്നും, നിയമസഭയുടെ പുറത്തു് കർഷകസംഘടനകളും, പാർട്ടികളും വിമർശനങ്ങളും സമരങ്ങളുംതന്നെ ഉണ്ടായിട്ടുണ്ടു്. റിപ്പോർട്ടു് താമസിക്കാനുണ്ടായിരുന്നതിന്റെ കാരണങ്ങളെ സംബന്ധിച്ചു് ഞാൻ അവസാനമായി സംസാരിക്കുന്നതാണു്. ഇതു് നിയമസഭയിൽ അവതരിപ്പിച്ചുകഴിഞ്ഞതിനുശേഷം ആഗസ്റ്റു് 30–ാം തീയതിയാണു് ചർച്ച ചെയ്തു് ഈ നിയമം സെലക്ടു് കമ്മിറ്റിക്കു വിട്ടതു്. സെലക്ടു് കമ്മിറ്റി ഏതാണ്ടു് 37 പ്രാവശ്യം കൂടിയിട്ടുണ്ടു്. അതിൽ 10 പ്രാവശ്യം ജില്ലാ തലസ്ഥാനങ്ങളിൽ ഇതേപ്പറ്റി തെളിവെടുക്കുന്നതിനുവേണ്ടിയാണു് ഉപയോഗിച്ചതു്. മറ്റു ദിവസങ്ങളിലാണു് ഇതിന്റെ വകുപ്പുകളും, ഇന്നത്തെ ഭേദഗതി നിയമത്തിലുള്ള വകുപ്പുകളും അതുപോലെ കാർഷികബന്ധപരിഷ്ക്കരണ നിയമത്തിലുള്ള വകുപ്പുകളും പരിശോധിച്ചു് അതിന്റെ റിപ്പോർട്ടു തയ്യാറാക്കിയതു്. റിപ്പോർട്ടിനു് ഭേദഗതികളും എന്ന നിലയിൽ ചില കമ്മിറ്റി അംഗങ്ങളും തന്നിട്ടുള്ള dissenting Notes ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ടു്. ഈ നിയമത്തിൽ സെലക്ടു കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ഭേദഗതികളെ സംബന്ധിച്ചു് പ്രധാനമായിട്ടുള്ളവയെപ്പറ്റി ഞാനിവിടെ പ്രതിപാദിയ്ക്കാം. ഓരോ വകുപ്പിനും ഇന്നതെന്നല്ല-പ്രധാനവശങ്ങളെ സംബന്ധിച്ചു്-ഈ നിയമം അവതരിപ്പിച്ചുകൊണ്ടു് ഞാൻ അന്നു സംസാരിച്ചപ്പോഴും പറഞ്ഞു, കുടികിടപ്പുകാരന്റെ അവകാശങ്ങളെ സംബന്ധിച്ചു് കുടികിടപ്പുകാരൻ അവൻ താമസിക്കുന്നതായ ഭൂമി അവനു് സ്വന്തമായി കിട്ടുന്നതിനുവേണ്ടി ഉപകരിക്കത്തക്കവിധത്തിലുള്ള നിയമനിർമ്മാണമായിരിക്കണം ഇതെന്നു് ഗവണ്മെന്റിനു് ആഗ്രഹമുള്ളതുകൊണ്ടാണു് ഈ നിയത്തിൽ ഇതിനുതകത്തക്കവിധത്തിൽ കുടികിടപ്പുകാരനു് റീഹാബിലിറ്റേഷൻ ഫണ്ടായി ഒരുകോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും അവ ഉപയോഗിക്കുന്നതിനു് അതിന്റെ details select committe പരിശോധനയിൽ, പരിശോധിച്ചു വകുപ്പുകളാക്കേണ്ടിവരുമെന്നു്, നമുക്കു് സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞിട്ടു് ഏതാണ്ടു് 22 സംവത്സരം കഴിഞ്ഞു. ഈ 22 സംവത്സരം കഴിഞ്ഞിട്ടും നമ്മുടെ നാട്ടിലുള്ള

LIBRARY ARCHIVES Kerala Legislative Assembly